

തൊഴിൽ സമരങ്ങളും പണിമുടക്കുകളും ബന്ദുകളും ഹർത്താലുകളുമൊക്കെ അവകാശപ്രഖ്യാപനങ്ങളാണെന്നു പലരും വ്യാഖ്യാനിക്കാറുണ്ട്. പക്ഷേ, തുടരെത്തുടരെ അതുണ്ടാകുമ്പോൾ നാടിനുണ്ടാകുന്ന അതിഭീമമായ മനുഷ്യശേഷിനഷ്ടവും സാമ്പത്തികനഷ്ടവും അതിന്റെ ഫലമായുണ്ടാകാവുന്ന വികസനമാന്ദ്യവും സമരപ്രണയികൾ ഓർമിക്കാറില്ല. കേരളത്തിന്റെ പെരുകിവരുന്ന പൊതുകടവും ഭീഷണമായ ഉത്പാദനമാന്ദ്യവും വർധിച്ചുവരുന്ന പദ്ധതിയിതര ചെലവുകളും നാളെ അല്ലെങ്കിൽ നാളെകഴിഞ്ഞു നമ്മളെ ഇന്നത്തെ ഗ്രീസിന്റെ അവസ്ഥയിലേക്കെത്തിക്കില്ലേയെന്നു ഭയപ്പെടേണ്ടതുണ്ട്. വികസനവിരുദ്ധശക്തികൾ ഇടയ്ക്കിടെ അധികാരത്തിലെത്തിയതിന്റെ ദുരന്തഫലമാണിത്.

ലയനം വഴി ശക്തിയാർജിക്കുന്ന കേരളാ കോൺഗ്രസും മറ്റു ജനാധിപത്യശക്തികളും ഇതിനൊരു വിരാമമിടണം എന്നു തീരുമാനിച്ചാൽ അതത്ര ബുദ്ധിമുട്ടുള്ള കാര്യമൊന്നുമല്ല. അതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും ജനാധിപത്യപ്രതിബദ്ധതയും ഓരോ കക്ഷിക്കും ഉണ്ടാകണമെന്നേയുള്ളു.

1957ൽ കേരളത്തിൽ കമ്യൂണിസ്റ്റു പാർട്ടി അധികാരം പിടിച്ചത് അവരുടെ പ്രത്യയശാസ്ത്രത്തിന്റെ മഹത്വം കൊണ്ടോ അവരുടെ കർമപരിപാടികളിൽ ജനങ്ങൾക്കുണ്ടായ പ്രതീക്ഷകൊണ്ടോ ഒന്നുമായിരുന്നില്ലല്ലൊ. സ്വാതന്ത്ര്യാനന്തര ദശകത്തിൽ ഇവിടെ തുടരെത്തുടരെയുണ്ടായ രാഷ്ട്രീയ പ്രതിസന്ധികളും ഭരണത്തകർച്ചയും ജനങ്ങളെ നിരാശരാക്കിയതിന്റെ ഒരു ക്ഷിപ്രപ്രതികരണം മാത്രമായിരുന്നു അത്.

പക്ഷേ, അധികാരം പിടിച്ച കമ്യൂണിസ്റ്റു കക്ഷിക്ക് 28 മാസമേ അധികാരത്തിലിരിക്കാൻ കഴിഞ്ഞുള്ളു. എങ്കിലും, സംസ്ഥാനത്തിന്റെ പൊതുഖജനാവു വളരെ തന്ത്രപൂർവം ദുർവിനിയോഗം ചെയ്ത് പാർട്ടി, സംഘടിത തൊഴിലാളിവർഗം, ഉദ്യോഗസ്ഥവിഭാഗങ്ങൾ, സഹകരണമേഖല, ഗ്രന്ഥശാലാ പ്രസ്ഥാനം പോലുള്ള സാംസ്കാരികമേഖല തുടങ്ങിയ തലങ്ങളിലെല്ലാം തങ്ങളുടെ സ്വാധീനം ഉറപ്പിക്കാൻ അവർ കരുക്കൾ നീക്കി. അതോടൊപ്പം ജനങ്ങൾക്കിടയിൽ ചേരിതിരിവുകൾ സൃഷ്ടിച്ചുകൊണ്ട് ചില വിഭാഗങ്ങളെ തങ്ങളുടെ കൂടെ ഉറപ്പിച്ചു നിർത്താനുള്ള ജനവിരുദ്ധവും ജനാധിപത്യവിരുദ്ധവുമായ അടവുനയങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

ഇതിനെതിരെയുള്ള ജനരോഷമായിരുന്നു വിമോചനസമരമായി പരിണമിച്ചത്. അതിനു ജനാധിപത്യശക്തികളുടെ ഐക്യബോധം കരുത്തുപകരുകയും കമ്യൂണിസ്റ്റു ഭരണകൂടം തകർന്നുവീഴുകയും ചെയ്തു.

പിന്നീടു നടന്ന തെരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തോടെ ജനാധിപത്യകക്ഷികൾ അധികാരത്തിലെത്തി. പക്ഷേ, നിർഭാഗ്യകരമായ ചില സംഭവവികാസങ്ങൾ ജനാധിപത്യചേരിയെ ദുർബലമാക്കുന്ന സാഹചര്യം ഉണ്ടായി. ആ വിപത്സന്ധിയിൽ കേരളത്തിലെ അധ്വാനവർഗത്തിന്റെ, കർഷകരും സ്വയംതൊഴിൽ ചെയ്തു ജീവിക്കുന്ന ഇടത്തരക്കാരും ഉൾപ്പെട്ട ജനസമൂഹത്തിന്റെ, ജനാധിപത്യ പ്രതീക്ഷകൾ കെട്ടുപോകാതിരിക്കാൻ കോൺഗ്രസിലെ തന്നെ ഒരു വിഭാഗം വെളിയിൽ വന്നു കേരളാ കോൺഗ്രസിനു രൂപംനല്കിയത് ജനാധിപത്യസംവിധാനത്തെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായ ഒരു കരുതൽ നടപടിയായി. ചിലരതിനെ കോൺഗ്രസിലുണ്ടായ പിളർപ്പെന്നു വിളിക്കുന്നതു ചരിത്രബോധമില്ലാത്തതുകൊണ്ടും ചില പ്രത്യേക കാലഘട്ടങ്ങളുടെ സ്പന്ദനങ്ങൾ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ടുമാണ്. വാസ്തവത്തിലത്, ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ, ചിലപ്പോൾ ജനാധിപത്യശക്തികൾക്കിടയിൽ തന്നെ സംഭവിക്കേണ്ട ആശയപരമായ ധ്രുവീകരണത്തിന്റെ കേരളരൂപമായിരുന്നു. രണ്ടുവിരുദ്ധാശയങ്ങളുടെ ഏറ്റുമുട്ടലിൽ നിന്നുളവാകുന്ന പുതിയൊരാശയത്തിന്റെ രാഷ്ട്രീയരൂപം തന്നെ.

ഈ വസ്തുത, ബന്ധപ്പെട്ടവർ രാഷ്ട്രീയബോധത്തോടെയും സ്പോർട്സ്മാൻസ്പിരിറ്റോടെയും ഉൾക്കൊള്ളാൻ തയ്യാറാകാതിരുന്നതുമൂലം താത്ക്കാലികമായ ഒരു രാഷ്ട്രീയാനിശ്ചിതത്വം കേരളത്തെ ബാധിക്കുകയുണ്ടായി. അങ്ങനെയാണു വ്യക്തമായും ജനാധിപത്യകക്ഷികൾക്കനുകൂലമായ ജനവിധിയുണ്ടായിട്ടും 1965ലെ തെരഞ്ഞെടുപ്പിനുശേഷം ഇവിടെയൊരു ഗവൺമെണ്ട് ഉണ്ടാകാതെ പോയത്. ഈ സാഹചര്യം മുതലെടുക്കാൻ കമ്യൂണിസ്റ്റു പാർട്ടികൾ പിന്നെയും സമർത്ഥമായും ആസൂത്രിതമായും കരുക്കൾ നീക്കി. ദേശീയ തലത്തിൽ ഇത്തരമൊരു ആശയധ്രുവീകരണത്തിന് അവരും വിധേയമായിരുന്നെങ്കിലും പ്രായോഗിക ബുദ്ധിയോടെ അവർ തമ്മിൽ സഹകരിക്കാൻ തയ്യാറാവുകയും മുസ്ലീംലീഗിനെയും സോഷ്യലിസ്റ്റു കക്ഷികളെയും ജനാധിപത്യ ചേരിയിൽ നിന്നടർത്തിയെടുത്ത് സപ്തകക്ഷി മുന്നണിക്കു രൂപം നല്കി, 1967ൽ വീണ്ടും അധികാരത്തിലെത്തുകയും ചെയ്തു.

പക്ഷേ എട്ടുവർഷം അധികാരത്തിനുവെളിയിൽ



നിന്നിശേഷം തിരിച്ചെത്തിയിട്ടും ജനാധിപത്യ പാഠങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാകാതിരുന്ന ഇഎംഎസിനും കമ്യൂണിസ്റ്റ് പാർട്ടിക്കും 1959ലേതിനെക്കാൾ വലിയ ദുരന്തം സ്വയം വരിക്കാനാണു വിധിയുണ്ടായത്. വെറും 27 മാസങ്ങൾക്കുള്ളിൽ, 1969 ഒക്ടോബറിൽ, ആഭ്യന്തരകുഴപ്പങ്ങൾ മൂലം രണ്ടാം കമ്യൂണിസ്റ്റ് മന്ത്രിസഭയും തകർന്നുവീണു. തുടർന്നു നീണ്ട 11 വർഷം അധികാരത്തിനുവെളിയിൽ നില്ക്കേണ്ടിവന്ന സിപിഎം 1982ൽ ഒരു തിരിച്ചുവരവു നടത്തി. അന്നവരോടൊപ്പം രാഷ്ട്രീയ കാരണങ്ങൾ കൊണ്ടു സഹകരിക്കാൻ കോൺഗ്രസിലെയും കേരളാ കോൺഗ്രസിലെയും ഓരോ വിഭാഗം തയ്യാറായതുകൊണ്ടുമാത്രമാണ് ഈ തിരിച്ചുവരവ് സംഭവിച്ചത്. പക്ഷേ, വീണ്ടും അവരുടെ ഏകാധിപത്യപ്രവണതകളും ജനാധിപത്യവിരുദ്ധ ചെയ്തികളും ദുസ്സഹമായപ്പോൾ ജനാധിപത്യകക്ഷികൾ അവരോടു വിടപറഞ്ഞു. അതോടെ കേരളത്തിലെ മൂന്നാമത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയും അല്പായുസ്സായി. 1980 ജനുവരി 25ന് അധികാരമേറ്റ മന്ത്രിസഭ 1981 ഒക്ടോബർ 20 നു രാജിവച്ചു. ഒരു വർഷവും ഒമ്പതുമാസവും മാത്രം പ്രായമുള്ളപ്പോൾ സംഭവിച്ച ശിശുമരണം!

ഇതിനെത്തുടർന്ന് 1982 മെയ് 19നു നടന്ന തെരഞ്ഞെടുപ്പിൽ ജനാധിപത്യ കക്ഷികളുടെ ഏകീകരണം ഉണ്ടായി. വ്യക്തമായ ഭൂരിപക്ഷം അവർക്കു ലഭിക്കുകയും ചെയ്തു. ഇത്തവണ കേരളാ കോൺഗ്രസ് രണ്ടു വിഭാഗങ്ങളും ജനാധിപത്യ ചേരിയിൽ നിന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്. തെരഞ്ഞെടുപ്പിൽ യുഡിഎഫിനു ലഭിച്ച അധികവോട്ട് ഒരു ശതമാനം മാത്രമായിരുന്നു. കേരളാ കോൺഗ്രസുകൾക്ക് ലഭിച്ചത് 11 ശതമാനം വോട്ടും.

1986ൽ കേരളത്തിലുണ്ടായ പ്രീഡിഗ്രി ബോർഡു സമരം, കമ്യൂണിസ്റ്റ് പാർട്ടി, ജനാധിപത്യ ഗവൺമെണ്ടിനെതിരെ അഴിച്ചുവിട്ട ഒരു ജനകീയ കലാപമായിരുന്നു. വിദ്യാഭ്യാസരംഗത്തും സർക്കാർ മേഖലയിലുമുള്ള ഇടതുപക്ഷ സംഘടനകളുടെ സഹായത്തോടെ, തികച്ചും ശാസ്ത്രീയമായ ഒരു വിദ്യാഭ്യാസ പരിഷ്ക്കരണത്തെ അട്ടിമറിക്കാൻ അവർ നടത്തിയ നീക്കം ലക്ഷ്യം കണ്ടു. കേരള സർവകലാശാലയുടെ പ്രീഡിഗ്രി പരീക്ഷാ മൂല്യനിർണയത്തിലും ഫലപ്രഖ്യാപനത്തിലും ഉണ്ടായ വ്യാപകമായ ക്രമക്കേടുകൾ 1987ലെ തെരഞ്ഞെടുപ്പിൽ യുഡിഎഫിനു ക്ഷീണമുണ്ടാക്കി. കേരളസർവകലാശാലയുടെ പരിധിയിൽ വരുന്ന തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഓരോ സീറ്റു മാത്രമേ യുഡിഎഫിനു ലഭിച്ചുള്ളൂ. അതേസമയം ഉത്തരകേരളത്തിൽ യുഡിഎഫിനു വ്യക്തമായ മേല്ക്കൈ ഉണ്ടായിരുന്നു. തെരഞ്ഞെടുപ്പിൽ എൽഡിഎഫിനു ലഭിച്ച അധികവോട്ട് വെറും 0.67 ശതമാനം മാത്രം. കേരളാ കോൺഗ്രസുകൾക്കുമാത്രം 6.88 ശതമാനം വോട്ടുണ്ടായിരുന്നു.

ഇരുമുന്നണികളിലായി വിഭജിച്ചുപോയ വോട്ടുകളുടെ ഏകീകരണം ഉണ്ടായാൽ കേരളം ആരു ഭരിക്കണമെന്നു തീരുമാനിക്കാൻ കേരളാ കോൺഗ്രസിനു കഴിയും എന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. ഇതു തിരിച്ചറിഞ്ഞവരാണ് ലയനം തകർക്കാനും, നടന്നാൽ തന്നെ അതിനു വിരുദ്ധമായ ചില വികാരങ്ങൾ മുതലെടുത്ത് ജനാധിപത്യ കേരളത്തിന് ഇതിന്റെ പ്രയോജനം ഉണ്ടാവാതിരിക്കാനും മുൻകൂട്ടി കരുക്കൾ നീക്കുന്നത്.

കത്തോലിക്കാ ബിഷപ്പുമാരാണു ലയനത്തിന്റെ പിന്നിലെന്ന്, അവരിൽ ചിലരുടെ പേരുകൾ എടുത്തുപറഞ്ഞു പോലും സിപിഎം നടത്തുന്ന ആക്രമണത്തിന്റെ പിന്നിലെ വികാരം ഒട്ടും സംശുദ്ധമല്ല. കത്തോലിക്കാ ബിഷപ്പുമാരുടെ പങ്ക് ബോധപൂർവം ഉയർത്തിക്കാട്ടുന്ന അവർ കത്തോലിക്കേതര ക്രൈസ്തവ സമൂഹത്തിന്റെ അനുഭാവം നേടാമെന്നു വെറുതെ കണക്കുകൂട്ടുകയാണ്. ഒപ്പം, ബിഷപ്പുമാരാണ് കേരളാ കോൺഗ്രസുകളെ യോജിപ്പിക്കുവാൻ ശ്രമിക്കുന്നതെങ്കിൽ അവരുടെ താത്പര്യങ്ങൾ തങ്ങൾക്കു ഹാനികരമാകാമെന്നു ഭൂരിപക്ഷ സമുദായാംഗങ്ങളെ തെറ്റിദ്ധരിപ്പിച്ച് ന്യൂനപക്ഷങ്ങൾക്കെതിരെ ഭൂരിപക്ഷ വർഗീയത ഉണർത്താനും അവർ ദുഷ്ടലാക്കോടെ കരുക്കൾ നീക്കുന്നു.

ഈ വസ്തുതകൾ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊണ്ട്, ചില വ്യക്തികളുടെ സ്വാർത്ഥതാത്പര്യങ്ങളുടെ കെണിയിൽപെടാതെ ജനാധിപത്യകക്ഷികൾ അവസരം ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് ശ്രമിക്കേണ്ടത്. ഒന്നോ രണ്ടോ സീറ്റുകളല്ല, ജനാധിപത്യസുരക്ഷയ്ക്കും നാടിന്റെ വികസനനേട്ടത്തിനുമാണു നമ്മൾ മുൻഗണന നല്കേണ്ടത്. കേരളാ കോൺഗ്രസുകളുടെ ഒന്നുചേരൽ ജനാധിപത്യകേരളത്തിനു സുരക്ഷിതത്വം വാഗ്ദാനം ചെയ്യുന്നു എന്നു കണക്കുകൾ തെളിയിക്കുന്നു. അതു കേരളീയരുടെ, പ്രത്യേകിച്ചും കേരളത്തിലെ അധ്വാനവർഗത്തിന്റെ മേധാവിത്വസ്ഥാപനത്തിനു പ്രയോജകീഭവിക്കും. അഴിമതി വിമുക്തവും വികസനഭദ്രവുമായ നാളെകളിലേക്ക് അതു നമ്മെ വഴി നടത്തുകയും ചെയ്യും. ■

# കേരളാ കോൺഗ്രസിന്റെ വളർച്ച തടയാൻ ആർക്കും കഴിയില്ല

കെ.എം. മാണി

കേരളാ കോൺഗ്രസ് (എം), കേരളാ കോൺഗ്രസ് (ജെ) വിഭാഗങ്ങളുടെ ലയനം കേരളത്തിലെ ജനാധിപത്യത്തിനും യുഡിഎഫിനും ഗുണകരമാണ്. ലയനം കേരളാ കോൺഗ്രസിനെ ശക്തിപ്പെടുത്തും. അതുവഴി കേരളത്തിന്റെ സുസ്ഥിരവികസനവും സംസ്ഥാന താത്പര്യവും യാഥാർത്ഥ്യമാക്കുവാൻ കഴിയും. കേരളാ കോൺഗ്രസ് (ജെ)യും ജനതാദളും ഇടതുമുന്നണി വിട്ട് യുഡിഎഫിന്റെ ഭാഗമായതോടെ സംസ്ഥാനത്തെ ഇടതുസർക്കാരിന് ഭൂരിപക്ഷം നഷ്ടപ്പെട്ടിരിക്കുന്നു.

ജനാധിപത്യപരമായി, അധികാരത്തിൽ തുടരുവാനുള്ള ധാർമിക അവകാശം നഷ്ടപ്പെട്ട സർക്കാരായിരിക്കുന്നു വി.എസ്. അച്യുതാനന്ദന്റേത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് 46 ശതമാനവും യുഡിഎഫിന് 42 ശതമാനവും വോട്ടുകളാണ് ലഭിച്ചത്.

കേരളാ കോൺഗ്രസ് (ജെ), ജനതാദൾ എന്നിവയ്ക്ക് 4.19 ശതമാനം വോട്ടുലഭിച്ചിരുന്നു. ഇത്രയും വോട്ട് ഇടതുസർക്കാരിന് ഇന്ന് നഷ്ടമായിരിക്കുന്നു. ഇപ്പോൾ സാങ്കേതികമായി ജനപിന്തുണ യുഡിഎഫിനാണ് കൂടുതൽ. രാഷ്ട്രീയ ധാർമികത അല്പമെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ ഇടതുസർക്കാർ രാജിവച്ച് ജനവിധി തേടുകയാണ് വേണ്ടത്.

കേരളാ കോൺഗ്രസുകളുടെ ലയനത്തിൽ സിപിഎമ്മിന് മാത്രമാണ് വിഷമമുള്ളത്. ഈ വിഷയത്തിലും അവർ ബിഷപ്പുമാർക്കെതിരെ തിരിഞ്ഞിരിക്കുന്നു. ബിഷപ്പുമാർ തങ്ങളുടെ നിലപാട് വ്യക്തമാക്കണമെന്നാണ് പിണറായി വിജയൻ ആവശ്യപ്പെട്ടത്. കേട്ടാൽ ലജ്ജ തോന്നുന്ന വാക്കുകൾ പറഞ്ഞ് പൊതുവേദിയിൽ അഭിവന്ദ്യ ബിഷപ്പുമാരെ അപമാനിച്ച പിണറായിക്ക് അവരോട് വിശദീകരണം ആവശ്യപ്പെടാൻ എന്തുയോഗ്യതയാണുള്ളത്?

അതുപോലെ, രാഷ്ട്രീയ ധാർമികത എന്ന വാക്ക് ഉച്ചരിക്കാൻ പോലും പിണറായിക്ക് അർഹതയില്ല. തെരഞ്ഞെടുപ്പ് വരുമ്പോൾ പെരുന്നയിലും ചേർത്തലയിലും അരമനകളിലും കയറിയിറങ്ങുന്ന പിണറായി വിജയൻ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ മെത്രാന്മാരെയും മതനേതൃത്വങ്ങളെയും അവഹേളിക്കുകയും തള്ളിപ്പറയുകയുമാണ് ചെയ്യുന്നത്. വർഷങ്ങളായി ഘടകകക്ഷിയായ സിപിഐയെപ്പോലും പൂർണമായും അവഗണിച്ച് അപമാനിതരാക്കി രണ്ടു വോട്ടിന് വേണ്ടി മദനിയെ കൂട്ടുപിടിച്ച ആളാണ് പിണറായി. അദ്ദേഹം ഇന്ന് കൂട്ടുപിടിച്ചിരിക്കുന്ന പി.സി. തോമസ് ലോകം കണ്ടതിൽ വച്ചേറ്റവും വലിയ അവസരവാദിയും രാഷ്ട്രീയവഞ്ചകനുമാണ്. പി.സി.തോമസിന്റെ രാഷ്ട്രീയ കാപട്യം സുപ്രീംകോടതിക്കുപോലും ബോധ്യമായിരിക്കുന്നു. അതിനാലാണല്ലോ സുപ്രീംകോടതി തോമസിനെ മൂന്നുവർഷത്തേക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്നും വോട്ടുചെയ്യുന്നതിൽ നിന്നും വിലക്കിയിരിക്കുന്നതും. ഫലത്തിൽ പി.സി.തോമസ് രാഷ്ട്രീയ ധർമിഷ്ഠനും ജനാധിപത്യവിശ്വാസിയുമാണെന്ന് അംഗീകരിക്കുന്ന ആൾ പിണറായി വിജയൻ മാത്രമായിരിക്കുന്നു.



കേരളാ കോൺഗ്രസുകളുടെ ലയനദിനം വഞ്ചനാദിനമായി പി.സി. തോമസ് ആചരിക്കുകയാണത്രെ. അദ്ദേഹത്തിന്റെ പേരിൽ വഞ്ചനാദിനം ആചരിച്ചാൽ അതിന് എത്രയോ ദിവസം വേണ്ടിവരും? അത്രയധികം വഞ്ചനകൾ ചെയ്ത ആളാണ് പി.സി. തോമസ്. ആ നിലയിൽ പിണറായിയും പി.സി. തോമസുമായുള്ള കൂട്ടുകെട്ട് ഏറെ വിചിത്രമായതാണ്. ഇതിനെല്ലാം കേരളത്തിലെ ജനങ്ങളോട് ഇടതുമുന്നണിയും പിണറായി വിജയനും മറുപടി പറയേണ്ട സാഹചര്യം ഉണ്ടാകും. രാഷ്ട്രീയ ധ്രുവീകരണങ്ങളോട് മുഖം തിരിഞ്ഞു നില്ക്കേണ്ട ആവശ്യം ജനാധിപത്യ വ്യവസ്ഥിതിയിലില്ല. ആ രാഷ്ട്രീയധ്രുവീകരണം ഭരണഘടനാ വിരുദ്ധമല്ലാതിരുന്നാൽ മതി.

>> 89

# ലയനം കേരള വികസനത്തിന്

## പി.ജെ. ജോസഫ്

വികസനമുരടിപ്പിന്റെ പാരമ്യത്തിലെത്തിയിരിക്കുന്ന കേരളത്തെ വികസന കുതിപ്പിലേക്കു നയിക്കുന്നതിനും അതുവഴി സമഗ്രവികസനം യാഥാർത്ഥ്യമാക്കുന്നതിനും വേണ്ടിയാണ് കേരളാ കോൺഗ്രസുകളുടെ ലയനം.

കേരളത്തിന്റെ ബഹുമുഖവികസനത്തിന് ആർക്കും നിഷേധിക്കാൻ കഴിയാത്ത സംഭാവനകൾ നല്കിയ രാഷ്ട്രീയ പ്രസ്ഥാനമാണ് കേരളാ കോൺഗ്രസ്. പ്രായോഗികവും വികസനോന്മുഖവുമായ നയങ്ങളാണതിനുള്ളത്. ആ പ്രസ്ഥാനം വിഘടിച്ചു നില്ക്കുന്നത് കേരളത്തിന് ദോഷകരമാണ് എന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസ, കാർഷിക, സാമൂഹിക മേഖലകളിലെല്ലാം ഒട്ടേറെ മാറ്റങ്ങൾക്ക് വഴിതുറക്കാൻ കേരളാ കോൺഗ്രസിന് കഴിഞ്ഞിട്ടുണ്ട്. അവയുടെ കൂടി പ്രതിഫലനമാണ് കേരളത്തിന്റെ ഉയർച്ചയും വികാസവും.

ഇന്ത്യയിലെങ്ങും പ്രാദേശിക പാർട്ടികൾ ശക്തിപ്രാപിക്കുകയാണ്. അതത് സംസ്ഥാനങ്ങളുടെ വികസനസ്വപ്നങ്ങളെ പൂവണിയിക്കാൻ ഇത്തരം ശക്തിപ്പെടലുകളിലൂടെ കഴിയുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. അതിവേഗ പുരോഗതിയുടെ ഈ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തിനും ആ നിലയിലേക്ക് ഉയരണമെങ്കിൽ കേരളാ കോൺഗ്രസുകളുടെ ശക്തിപ്പെടലും ലയനവും അനിവാര്യമാണ്. ഇടതുമുന്നണി വിടാനുണ്ടായ തീരുമാനം ഒറ്റനിമിഷം കൊണ്ടുണ്ടായതല്ല. കേരളാ കോൺഗ്രസ് ലയനം എന്നത് അതിന് വേഗത കൂട്ടി എന്നുമാത്രം.

വിദ്യാഭ്യാസ, കാർഷിക, അടിസ്ഥാന സൗകര്യ വികസനമേഖലകളിലെല്ലാം തികച്ചും നിഷേധാത്മകമായും ഒച്ചിഴയുന്നതുപോലെയുമാണ് കാര്യങ്ങൾ നടന്നത്. ഈ സ്ഥിതിക്ക് മാറ്റമുണ്ടാകണമെന്ന് മുന്നണി യോഗത്തിലും മുഖ്യമന്ത്രിയോടു നേരിട്ടും പലപ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. പക്ഷേ, യാതൊരു മാറ്റവും ഉണ്ടായില്ല, എന്നു മാത്രമല്ല അനുദിനും കാര്യങ്ങൾ കൂടുതൽ സങ്കീർണമാകുകയും ചെയ്തു.

മന്ത്രി എം.എ. ബേബിയുടെ വിദ്യാഭ്യാസബിൽ ന്യൂനപക്ഷാവകാശം ധ്വംസിക്കുന്നതും ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധവുമാണെന്ന് ആദ്യമേ മുന്നണിക്കുള്ളിൽ വ്യക്തമാക്കിയിരുന്നു. അതു തിരുത്തണം എന്നും ശക്തമായിത്തന്നെ ആവശ്യപ്പെട്ടിരുന്നു. പക്ഷേ, യാതൊരു പരിഗണനയും ലഭിച്ചില്ല. മുന്നണിക്കുള്ളിൽ ചർച്ചചെയ്യാൻപോലും തയ്യാറായില്ല. ഇത് മുന്നണി മര്യാദയ്ക്കും രാഷ്ട്രീയധാർമികതയ്ക്കും നിരക്കുന്നതായിരുന്നോ എന്ന് സിപിഎം വ്യക്തമാക്കണം. കാർഷികമേഖല സംബന്ധിച്ച നിലപാടും ഇതു തന്നെയായിരുന്നു. സമഗ്ര കാർഷിക വികസനവും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികളും ഉണ്ടാകണമെന്ന് പാർട്ടി ആവശ്യപ്പെട്ടു. എന്നാൽ സിപിഎമ്മിനുള്ളിലെ ആഭ്യന്തരപ്രശ്നങ്ങൾ മൂലം കാർഷിക മേഖലയിൽ യാതൊന്നും ചെയ്യുവാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞില്ല.



മുന്നണിമര്യാദ പാലിച്ചുകൊണ്ട് എല്ലാത്തിനും സമാധാനത്തിൽ പരിഹാരം കാണുവാൻ ശ്രമിച്ചു. പക്ഷേ, അതിന് കഴിയില്ലെന്ന് ബോധ്യപ്പെട്ടപ്പോഴാണ് മുന്നണി വിടുവാൻ തീരുമാനിച്ചത്. അതിനുശേഷം സിപിഎം നേതൃത്വം ഉയർത്തിയ അഴിമതി ആരോപണവും അന്വേഷണ പ്രഖ്യാപനവും തികച്ചും അടിസ്ഥാനരഹിതവും രാഷ്ട്രീയവൈരം തീർക്കുക ലക്ഷ്യമാക്കിയുള്ളതും മാത്രമാണെന്ന് ഏതൊരു വ്യക്തിക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. അന്വേഷണത്തെ നിയമപരമായി നേരിടും.

ഇപ്പോൾ പിണറായി വിജയന്റെ സഹായത്തോടെ കേരളാ കോൺഗ്രസ് ആണെന്ന് അവകാശപ്പെടുന്ന പി.സി. തോമസിന് അതിനർഹതയില്ല. ഏറ്റവും വലിയ രാഷ്ട്രീയ വഞ്ചനയാണ് പി.സി.തോമസിൽ നിന്നുണ്ടായത്. പരസ്പര വിശ്വാസത്തോടും സഹകരണ മനോഭാവത്തോടും കൂടി പ്രവർത്തിക്കുവാൻ പി.സി.തോമസിന് കഴിയുകയില്ല. ഒറ്റയാൻ പോരാട്ടമാണ് പി.സി.തോമസിന്റെ ശൈലി. അത് ജനാധിപത്യസംവിധാനത്തിൽ പ്രായോഗികമല്ല. രാഷ്ട്രീയത്തിലെ വഞ്ചനയുടെ ആൾരൂപമായി മാറിയ പി.സി.തോമസിന് കേരളാ കോൺഗ്രസിനെക്കുറിച്ചോ രാഷ്ട്രീയ ധാർമികതയെക്കുറിച്ചോ പറയുവാനുള്ള മിനിമം യോഗ്യത പോലുമില്ല.

കേരളാ കോൺഗ്രസുകളുടെ ലയനത്തിനു പിന്നിൽ ക്രൈസ്തവസഭകളും മെത്രാന്മാരുമാണെന്ന പിണറായി വിജയന്റെ പ്രചാരത്തിനു പിന്നിൽ ഹിഡൻ അജണ്ടയാണ്. ലയനകാര്യത്തിൽ സഭാ നേതൃത്വം ഇടപെട്ടിട്ടില്ല. തന്നോട് അവരാരും സംസാരിച്ചിട്ടില്ല. എന്തിനും ഏതിനും മെത്രാന്മാരെ പരിഹസിക്കുകയും അവർക്കെതിരേ ആരോപണശരമെറിയുകയും ചെയ്യുന്ന പിണറായി വിജയന്റെ നടപടി മതധ്രുവീകരണം ഉണ്ടാക്കി മുതലെടുപ്പ് നടത്തുന്നതിനാണ്.

❖❖❖

# കേരളാ കോൺഗ്രസ് ലയനം കാലഘട്ടത്തിന്റെ ആവശ്യം

ജോസ് കെ. മാണി

സംസ്ഥാനത്തും ദേശീയതലത്തിലും രൂപപ്പെട്ട മാറിയ രാഷ്ട്രീയ സാഹചര്യത്തിൽ കേരളാ കോൺഗ്രസ് ലയനം കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

ഇന്ത്യയിൽ പ്രാദേശിക രാഷ്ട്രീയ പാർട്ടികൾക്ക് മാതൃകയും വഴികാട്ടിയുമായ പ്രസ്ഥാനമാണ് കേരളാ കോൺഗ്രസ്. രാജ്യത്തിന്റെ വികസനത്തിൽ വഴിത്തിരിവു സൃഷ്ടിക്കുവാൻ പ്രാദേശിക രാഷ്ട്രീയ പാർട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. ഫെഡറൽ സംവിധാനത്തിൽ അധിഷ്ഠിതമായ ഇന്ത്യയുടെ ഭരണനിർവഹണ വ്യവസ്ഥയിൽ സംസ്ഥാന പാർട്ടികൾക്ക് മുഖ്യസ്ഥാനമാണുള്ളത്. ഭാഷ, ജീവിത സാഹചര്യങ്ങൾ, സാമ്പത്തികമേഖല തുടങ്ങി എല്ലാ നിലകളിലും വ്യത്യസ്തത പുലർത്തുന്ന ഇന്ത്യയിൽ പ്രാദേശിക പാർട്ടികൾ രൂപം കൊള്ളുന്നത് സ്വാഭാവികം മാത്രം.

സമഗ്രവികസനത്തിനും അതു രാജ്യത്തെ ജനങ്ങളിലേക്കെത്തിക്കുന്നതിനും സംസ്ഥാന പാർട്ടികൾ വഹിക്കുന്ന പങ്ക് വലുതാണ്. ഈ നിലയിൽ ചിന്തിക്കുമ്പോൾ തികച്ചും മാതൃകാപരമായ ചരിത്രമാണ് കേരളാ കോൺഗ്രസ് പാർട്ടിക്ക് അവകാശപ്പെടുവാനുള്ളത്. സുസ്ഥിരമായ കേന്ദ്രവും സംതൃപ്തരായ സംസ്ഥാനങ്ങളും എന്നതാണ് കേരളാ കോൺഗ്രസിന്റെ എക്കാലത്തെയും പ്രഖ്യാപിതനയം. അവിടെ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ സഹകരണവും പരസ്പരവിശ്വാസവും സഹവർത്തിത്വവുമാണ് അടിസ്ഥാനം. എങ്കിൽ മാത്രമേ വികസന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുകയുള്ളൂ. ഇപ്പോൾ കേരളം ഭരിക്കുന്ന ഇടതുസർക്കാരിന് ഇല്ലാതെ പോയതും ഇതൊക്കെ തന്നെയാണ്.

രാഷ്ട്രീയ വ്യത്യാസങ്ങളെയും വികസനപ്രവർത്തനങ്ങളെയും വേർതിരിച്ചു കാണുകയും യോജിപ്പിലെത്തേണ്ടിടത്തും പരസ്പര സഹകരണം ആവശ്യമായ തലങ്ങളിലും അതിന് തയ്യാറാവുകയുമാണ് മാതൃകാഭരണകൂടങ്ങൾ ചെയ്യേണ്ടത്. പക്ഷേ അതിനു നേരേ വിപരീതമായ നിലപാടാണ് സിപിഎം സർക്കാർ പുലർത്തുന്നത്. ഇതു നമ്മുടെ നാടിന്റെ വികസനത്തെയും ഭാവിതലമുറയുടെ പ്രതീക്ഷകളെയും കെടുത്തിക്കളയും.

ഐക്യകേരളത്തിന്റെ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക, അടിസ്ഥാനസൗകര്യ വികസനമേഖലകളിൽ കേരളാ കോൺഗ്രസിന്റെ പങ്കു നിസ്തുലമാണ്. എന്നാൽ പതിറ്റാണ്ടുകളിലൂടെ കേരളം സ്വായത്തമാക്കി



യ ഈ പുരോഗതിയെ പിറകോട്ടടിക്കുന്ന നിലപാടുകളാണ് കഴിഞ്ഞ നാലുവർഷമായി ഇടതുസർക്കാർ പിൻതുടർന്നു വരുന്നത്. അവർ സംസ്ഥാനത്തെ അസമാധാനത്തിലേക്കും വികസനമുരടിപ്പിലേക്കും ഭരണസ്തംഭനത്തിലേക്കും തള്ളിവിട്ടിരിക്കുകയാണ്.

സി.പി.എമ്മിലെയും ഇടതുമുന്നണിയിലെയും അനൈക്യവും തൊഴുത്തിൽകുത്തും സംസ്ഥാന സർക്കാരിന്റെ കൂട്ടുത്തരവാദിത്വം തകർത്തിരിക്കുന്നു. അവശ്യസാധന വിലവർധനവ്, ക്രമസമാധാനതകർച്ച, സ്മാർട്സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അനിശ്ചിതാവസ്ഥ തുടങ്ങിയവയെല്ലാം സംസ്ഥാനസർക്കാരിന്റെ പരാജയത്തിന്റെയും അനൈക്യത്തിന്റെയും തെളിവുകളാണ്. യുവജനങ്ങൾക്കു ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷ നഷ്ടമായിരിക്കുന്നു. ജനങ്ങൾക്ക് പോലീസിലും സർക്കാർ സംവിധാനത്തിലുമുള്ള വിശ്വാസവും നഷ്ടമായിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മാന്ദ്യം അകറ്റി ഉണർവ് പകരുവാനും പുനരുദ്ധരിക്കുവാനും ഉത്തരവാദപ്പെട്ട രാഷ്ട്രീയപ്രസ്ഥാനമെന്ന നിലയിൽ കേരളാ കോൺഗ്രസ് ശക്തിപ്പെടേണ്ടതുണ്ട്. അതിന്റെ ആദ്യപടിയാണ് ഈ ലയനം.

❖❖❖

# പൂവണിഞ്ഞതു ജനങ്ങളുടെ സ്വപ്നം

## പി.സി. ജോർജ്



കേരളാ കോൺഗ്രസ് ലയനത്തിലൂടെ പൂവണിഞ്ഞത് ജനലക്ഷങ്ങളുടെ സ്വപ്നമാണ്. അതിനു തെളിവാണ് ഈ പുരുഷാരം. ഇനി നമുക്കു പിളരേണ്ട കേട്ടോ. കേരളത്തിന്റെ വളർച്ചയ്ക്കും കുതിപ്പിനും കേരളാ കോൺഗ്രസുകളുടെ ഐക്യവും ലയനവും ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. ആ യാഥാർത്ഥ്യം നേതൃനിര തിരിച്ചറിയണം. ഈ ലയനത്തിലൂടെ അത് സാധിച്ചിരിക്കുന്നു. സുസ്ഥിരകേന്ദ്രവും സംതൃപ്ത സംസ്ഥാനങ്ങളുമെന്ന കേരളാ കോൺഗ്രസിന്റെ പ്രായോഗിക വികസന രാഷ്ട്രീയ മുദ്രാവാക്യത്തിന്റെ മാറ്റ് കൂടിയ കാലഘട്ടമാണിത്. ഇതു കേരളാ കോൺഗ്രസിന്റെ രാഷ്ട്രീയ ദീർഘവീക്ഷണത്തിന്റെ ഏറ്റവും വലിയ തെളിവുമാണ്. വിഘടിച്ചു നില്ക്കുമ്പോൾ ശക്തികുറയുക സ്വാഭാവികമാണ്. എന്നാൽ, ഒരുമിച്ചു നിന്നാൽ കേരളാ കോൺഗ്രസിന്റെ ശക്തിക്കുമുന്നിൽ കേരളത്തിൽ മറ്റൊരു ശക്തിയുണ്ടാവില്ല. ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാൻ കേരളാ കോൺഗ്രസ് സംസ്കാരമുള്ളവർ തയ്യാറാവുകയാണ് വേണ്ടത്. ഇപ്പോൾ അത് തൊണ്ണൂറുശതമാനവും പൂർത്തിയായിരിക്കുന്നു. ഇനിയും ചില കഷണങ്ങൾ ഒക്കെ കിടപ്പുണ്ട്. അവരും താമസിയാതെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ചെയ്യും എന്നു വിശ്വസിക്കാം.

എന്നാൽ, ഈ ലയനത്തിനെതിരെ ഇപ്പോൾ രംഗത്തു വന്നിരിക്കുന്നത് പി.സി. തോമസാണ്. പി.സി. തോമസിന്റെ രാഷ്ട്രീയ ധാർമികതയും സ്വഭാവശുദ്ധിയും നാട്ടുകാർക്കറിയാം. പപ്പു യാദവിനെ നേതാവായി സ്വീകരിച്ച് ഐ.എഫ്.ഡി.പി രൂപീകരിച്ച ആളാണ് പി.സി. തോമസ്. ആ പപ്പു യാദവ് ഇതുവരെ ജയിലിൽ നിന്ന് ഇറങ്ങിയിട്ടില്ല. അത്തരക്കാരുമായിപോലും കൂട്ടുകൂടാൻ പി.സി. തോമസിന്റെ മനസ്സാക്ഷി എതിരുനിന്നില്ല.

രാഷ്ട്രീയത്തിലെ ഏറ്റവും വലിയ കള്ളനാണയമാണ് താനെന്ന് പി.സി. തോമസ് ഇതുവഴി തെളിയിച്ചു കഴിഞ്ഞു. അത്തരക്കാരനായ പി.സി. തോമസിന്റെ സംരക്ഷകനായി ഇപ്പോൾ രംഗത്തുവന്നിരിക്കുന്നതു പിണറായി വിജയനാണ്. ആ പിണറായി വിജയൻ കേരളാ കോൺഗ്രസിനെ രാഷ്ട്രീയ ധാർമികത പഠിപ്പിക്കാൻ വരേണ്ട.

സിപിഎമ്മിന്റെ നെറികെട്ട രാഷ്ട്രീയം, പി.ജെ. ജോസഫ് മുന്നണി വിട്ടപാടേ അദ്ദേഹത്തിനെതിരെ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചതോടെ പുറത്തായിരിക്കുന്നു. ഇത് ഇടതുമുന്നണിയിൽ അവശേഷിക്കുന്ന ഘടകകക്ഷികളും മനസ്സിലാക്കണം. അവർ ജനാധിപത്യവിരുദ്ധ ചേരിയിലാണ് നിലയുറപ്പിച്ചിരിക്കുന്നത്. സിപിഎമ്മിൽ ഇന്ന് അഭിപ്രായസ്വാതന്ത്ര്യമില്ല. ജനാധിപത്യത്തിന്റെ അടിസ്ഥാനശില അഭിപ്രായ സ്വാതന്ത്ര്യമാണ്. അതില്ലാത്ത ഒരു പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഭരണത്തിന് ജനാധിപത്യബോധത്തോടെ പ്രവർത്തിക്കുവാൻ കഴിയില്ല. ഇന്ത്യയിലെതന്നെ ഏറ്റവും തലമുതിർന്ന നേതാവായ സഖാവ് വി.എസ്. അച്യുതാനന്ദന് സിപിഎമ്മിലോ ഇടതുമുന്നണിക്കുള്ളിലോ ഒരൊറ്റ അക്ഷരംപോലും മിണ്ടാൻ യോഗ്യതയില്ല. ഭരണത്തിന് നേതൃത്വം നല്കുന്ന ആളുടെ സ്ഥിതി ഇതാകുമ്പോൾ ബാക്കിയുള്ളവരുടെ ഗതി പറയാനുണ്ടോ? ഇടതുമുന്നണി വിട്ട ജോസഫിന്റെ തീരുമാനം അഭിമാനബോധമുള്ള ഒരു രാഷ്ട്രീയനേതാവിന്റെ സ്വാഭാവിക തീരുമാനമാണ്. അതിനെ അഭിനന്ദിക്കുന്നു. കൂടാതെ കേരളാ കോൺഗ്രസിനെ സ്നേഹിക്കുന്ന ദശലക്ഷക്കണക്കിന് ജനങ്ങളുടെ ആശയും അവേശവും കെട്ടടങ്ങാതെ അവയെ ജ്വലിപ്പിച്ച് നിർത്താനും കേരളാ കോൺഗ്രസിന്റെ ഈ ശക്തിപ്പെടലിന് കഴിയും.

❖❖❖

# ലയന വിസ്ഫോടനവും ധാർമിക പ്രവാഹവും

ജെ.തടത്തിൽ



ഏത് വിസ്ഫോടനവും ഉത്പന്നങ്ങളെ പ്രവഹിപ്പിക്കും എന്നത് ഒരു ശാസ്ത്രസത്യം. ഒരു പാർട്ടിയിൽപെട്ടവർ പിളരുമ്പോൾ അന്തരീക്ഷം വിഴുപ്പലക്കിനാൽ മുഖരിതമാകുമെന്നത് കേരള രാഷ്ട്രീയത്തിലെ പച്ചയായ സത്യവും. പിരിഞ്ഞവർ വീണ്ടും ഒരു പാർട്ടിയായിത്തീരുമ്പോൾ അന്തരീക്ഷത്തിൽ സന്തോഷവും ശാന്തതയും അലയടിക്കുമെന്ന് ആരെങ്കിലും കരുതിയാൽ അവർക്കു തെറ്റിയെന്ന് സമീപകാല സംഭവങ്ങൾ തെളിയിക്കുന്നു.

കേരളാ കോൺഗ്രസ് വിഭാഗങ്ങളിൽ ജനപിന്തുണകൊണ്ട് എണ്ണപ്പെടാൻ യോഗ്യതയുള്ള രണ്ടുകൂട്ടരും തമ്മിൽ യോജിക്കാൻ തീരുമാനിച്ചത് കർഷകരും അധ്വാനിക്കുന്നവരുമായ വലിയൊരു വിഭാഗത്തിന് ആശ്വാസവും വലിയ സന്തോഷവുമാണ് നല്കിയത്. എന്നാൽ ലയനം മൂലം അസ്വസ്ഥചിത്തരായവർ നനഞ്ഞ പടക്കമെങ്കിലും പൊട്ടിച്ച് സ്ഫോടനപ്രതീതി സൃഷ്ടിക്കണമെന്ന വാശിയിലായിരുന്നു.

പടക്കസ്ഫോടനഫലമായി ഉരുത്തിരിഞ്ഞ ഉത്പന്നങ്ങളാകട്ടെ, കിടിലൻ ഡയലോഗുകളായിരുന്നു-ലയനം ഉയർത്തുന്നതും ഉയർത്താവുന്നതുമായ ധാർമിക പ്രശ്നങ്ങളെപ്പറ്റി. പി.ജെ.ജോസഫ് മുന്നണി വിട്ടതിലെ അധാർമ്മികതയെപ്പറ്റി നിരീശ്വരമുന്നണിയും ജോസഫ് തങ്ങളുടെ മുന്നണിയിൽ വരുന്നതിന്റെ അധാർമികതയെപ്പറ്റി ജനാധിപത്യമുന്നണിയും വാചാലമായി.

മതമേലധ്യക്ഷന്മാർ ഐക്യത്തിന്റെ വക്താക്കളാകുന്ന അപകടകരമായ പ്രവണതയിലെ അധാർമ്മികതയെപ്പറ്റിയാണ് ഇമ്മിണി വലിയ സഖാവിന് ആവർത്തിച്ചു പറയാനുണ്ടായിരുന്നത്. ജോസഫ് എന്ന രാഷ്ട്രീയ നേതാവിനെ വ്യക്തിഹത്യ ചെയ്യാനുള്ള ശ്രമം നടത്തിക്കൊണ്ട് അധാർമ്മികതയിൽ പ്രാവീണ്യം പ്രകടമാക്കുന്ന ധാർമ്മികതയുടെ പ്രഭാഷകരെയും ജനം കണ്ടു.

ധാർമ്മിക പ്രവാഹത്തിന്റെ മുഖ്യപ്രഭവകേന്ദ്രം കോട്ടയമായിരുന്നെങ്കിലും അതിന്റെ കുത്തൊഴുക്ക് മാവേലിക്കര, കൊട്ടാരക്കര, പിറവം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ കരകളിലും ഊരുകളിലും പ്രകമ്പനം സൃഷ്ടിച്ചു. പക്ഷേ,ധാർമിക ഡയലോഗുകളെ ഉതിർത്തുവിട്ട നാവുകളെ തിരിച്ചറിഞ്ഞ ജനത്തിനു ചിലരുടെ തൊലിക്കട്ടിയെപ്പറ്റി ഉണ്ടായിരുന്ന അവബോധം വർധിച്ചു. കോടതി കുറ്റവിമുക്തനാക്കിയ ജോസഫിനെ വ്യക്തിഹത്യ നടത്താൻ മുന്നിൽനിന്നവരിലാരെങ്കിലും അതിനർഹതയുള്ളവരാണോ എന്ന ചോദ്യം സാധാരണക്കാർ ചോദിക്കുന്നു. സ്വന്തം കണ്ണിലെ കമ്പു നീക്കംചെയ്തിട്ടുപോരേ അന്യന്റെ കണ്ണിലെ കരടുനീക്കാൻ എന്നതാണവരുടെ സംശയം. ആരോപണശരങ്ങളാൽ പുളയുന്നവരും അവ കോടതിപോലും ശരിവയ്ക്കുന്നതു കേട്ടു ബോധംകെട്ടവരും ജാമ്യത്തിൽ നടക്കുന്നവരും, ഉയർന്ന ആരോപണങ്ങൾക്കു തടയിടാൻ പണവും സ്വാധീനവും ഉപയോഗിച്ചെന്നും ആരോപണം ഉയരാതിരിക്കാൻ വേണ്ടപ്പെട്ടവർക്ക് നിയമസഭാ സീറ്റുപോലും തരപ്പെടുത്തിക്കൊടുത്തെന്നും കുറെപ്പേരെങ്കിലും വിശ്വസിക്കുന്നവരും അല്ലാതെ മറ്റാരെയും തന്നെ വ്യക്തിഹത്യാ പ്രോഗ്രാമിൽ കണ്ടില്ല.

ഇടതുജനാധിപത്യം എന്ന ആശയം തന്നെ, ആ വാക്കുതന്നെ, വൈരുധ്യമായിരിക്കുകയും തങ്ങൾക്ക് അതൊട്ടും ചേരില്ലെന്ന് ജനാധിപത്യ പാർട്ടിയായ ജോസഫ് ഗ്രൂപ്പിന് അനുഭവംകൊണ്ട് ബോധ്യപ്പെടുകയും ചെയ്തപ്പോൾ അവർ മനസ്സാക്ഷിയെയും അനുയായികളെയും വഞ്ചിച്ച് അതിന്റെ വക്താക്കളായി തുടരുന്നതായിരുന്നില്ലേ യഥാർത്ഥ അധാർമികത?

ഐക്യജനാധിപത്യ മുന്നണിയുടെ ആദ്യരൂപമായിരുന്ന ജനാധിപത്യ മുന്നണിയുടെ പ്രഥമ കൺവീനറായിരുന്ന ജോസഫിനും കൂട്ടർക്കും ആ മുന്നണിയിലെ ഒരു പാർട്ടിയിൽ ലയിക്കാൻ പോലും അവകാശമില്ലെന്നും സ്വന്തം പാർട്ടിയിലേക്ക് തിരിച്ചുവരുന്നത്



പുറംവാതിൽ പ്രവേശനമാണെന്നും ആരോപിക്കുന്ന പലരും ഈ മുന്നണിയിൽ എന്നാണ് ആചാര്യന്മാരായത്?

സ്വന്തം പാർട്ടിയെ ആവശ്യാനുസരണം പല പാർട്ടികളിലും ലയിപ്പിക്കുകയും ഉയിർപ്പിക്കുകയും ചെയ്തവരും, വീണ്ടും ലയിപ്പിക്കാനും വിൽക്കാനും പോലും അവസരം പാർത്തിരിക്കുകയും ചെയ്യുന്നവരല്ലേ പല ആചാര്യന്മാരും സ്ഥാപകരും? മതമേലധ്യക്ഷന്മാർ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശം നല്കിയാൽ അതു കടുത്ത പാതകമാകുമെന്നു പ്രചരിപ്പിക്കുന്നവർ തങ്ങൾക്കു വളച്ചൊടിക്കാൻ വേണ്ടി , പ്രസ്താവനകൾക്കായി മതാധ്യക്ഷന്മാരുടെ വാതിൽക്കൽ മുട്ടുന്ന ശബ്ദം ജനം തിരിച്ചറിയുന്നുണ്ട്.

മതാധ്യക്ഷന്മാരെ ഇത്ര പുച്ഛമുള്ളവർ, മതത്തെ ദുരുപയോഗം ചെയ്തെന്നും സഭയുടെ പരമാധ്യക്ഷന്റെ തന്നെ ഫോട്ടോ വോട്ടു പിടിക്കാൻ ഉപയോഗിച്ചെന്നും രാജ്യത്തെ പരമോന്നത കോടതിതന്നെ വിധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മൂന്നു വർഷത്തേക്ക് മത്സരിക്കുന്നതിൽ നിന്നു രാഷ്ട്രപതി വിലക്കുകയും ചെയ്ത വ്യക്തിയെ മുന്നണിയുടെ സ്ഥാനമാനങ്ങൾ നല്കി എങ്ങനെ ആദരിക്കും? പാവപ്പെട്ട തങ്ങളുടെ സഖാവിനെയാണ് ഈ രീതിയിൽ വോട്ടുപിടിച്ചു തോല്പിച്ചതെന്ന കാര്യം ഇങ്ങനെ ആദരിക്കുന്ന സഖാക്കൾ എന്തേ മറന്നു? ഏതു ധാർമ്മികതയാണാവോ ഇവിടത്തെ മാനദണ്ഡം? രാഷ്ട്രീയജന്മം നല്കിയ നേതാവിനെയും രാഷ്ട്രീയ അഭയം നല്കിയ നേതാവിനെയും ഒരുപോലെ ചവിട്ടിത്തേക്കാൻ ശ്രമിക്കുന്ന ഈ വ്യക്തി, ഇതിനോടകം അഭിനയിക്കാത്ത നാടകങ്ങളോ ആടാത്ത വേഷങ്ങളോ ചേരാത്ത മുന്നണികളോ കേരളക്കരയിലില്ലല്ലോ.

ധാർമ്മിക പ്രവാഹത്തിൽ നിന്നു നീന്തി ലയന വിസ്ഫോടനത്തിന്റെ സമീപത്തേക്കു തിരിച്ചെത്തിയാൽ സത്യങ്ങൾ വ്യക്തമാകും. ജനാധിപത്യ മുന്നണിയിലെ പ്രമുഖ പാർട്ടിയിലെ നേതാക്കൾ ലയനം വിവാദമാക്കിയതിന്റെ കാരണം വ്യക്തമായിക്കഴിഞ്ഞു. പാർട്ടി പിടിക്കാനുള്ള മനം മടുപ്പിക്കുന്ന ഗ്രൂപ്പുകളി അടുത്തകാലത്ത് വീണ്ടും സജീവമായി. അക്കാര്യം പൊതുശ്രദ്ധയിൽപെടാതെ, ശക്തിപ്പെടുത്താനുള്ള അവസരമായി നേതാക്കൾ തയ്യാറാക്കിയ അജണ്ട, കാര്യമറിയാത്ത അണികൾ ആർത്തിയോടെ നടപ്പാക്കിയപ്പോൾ പല ഗ്രൂപ്പു സമവാക്യങ്ങളും അട്ടിമറിക്കപ്പെട്ടു. മീഡിയയുടെ പോലും കണ്ണുവെട്ടിച്ച് നിയമസഭാ സീറ്റുകൾക്കായി ശണ്ഠകൂടിയ യൂത്ത് കോൺഗ്രസ് നേതാക്കൾക്ക് ഇരയെ കാണിച്ചു ശ്രദ്ധതിരിക്കുന്നതിൽ യൂത്ത് കോൺഗ്രസിലൂടെ വളർന്നു നേതാക്കളായവർ വിജയിക്കുകയും തങ്ങളുടെ സ്ഥിരം സീറ്റുകൾക്ക് ഇളക്കമില്ലെന്ന് ഉറപ്പിക്കുകയും ചെയ്തു. ജോസഫിന്റെ വീതമെന്നല്ല, കേരളത്തിന്റെ 140 സീറ്റിലും പാർട്ടി മത്സരിച്ചാലും ആ രംഗത്തു പ്രവർത്തിക്കുന്ന പലർക്കുമല്ല അവസാനം സീറ്റു കിട്ടുന്നതെന്നു യാഥാർത്ഥ്യബോധമുള്ള യൂത്തുകോൺഗ്രസുകാർക്കറിയാം. ഇവർക്കു മറ്റൊന്നു കൂടി അറിയാം. ജോസഫിന്റെ ഏതാനും സീറ്റുകൾ അംഗീകരിച്ചു നല്കാതെ ഐക്യകേരള കോൺഗ്രസിനെ വെറുപ്പിച്ചാൽ 65 ഓളം സീറ്റുകൾ അധികമായി നഷ്ടപ്പെടുത്തി ജനാധിപത്യ മുന്നണി പ്രതിപക്ഷ കസേര വീണ്ടും ഉറപ്പിക്കുമെന്ന്!

ഏകകക്ഷി ഭരണം തലയ്ക്കുപിടിച്ച നേതാക്കന്മാരാണല്ലോ യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ വാഴുന്നത്. ഒരിക്കൽ അവർ ഒറ്റയ്ക്കു നില്പിന്റെയും ഒറ്റയ്ക്കു ഭരിക്കലിന്റെയും വക്താക്കളായിരുന്നല്ലോ. ഇനി പറ്റുമെങ്കിൽ എല്ലാ പാർട്ടികളും ഒറ്റയ്ക്കു മത്സരിച്ചു ശക്തി തെളിയിക്കാനെങ്കിലും നേതാക്കൾ അവസരമൊരുക്കണം ഒറ്റയ്ക്കു ഭരിക്കാൻ മാത്രം സീറ്റുകിട്ടിയാൽ പിന്നെമുന്നണി സംവിധാനംപോലും ആവശ്യമില്ലല്ലോ. എല്ലാവർക്കും 140 സീറ്റിലും മത്സരിക്കാം. ജയിക്കുകയല്ല മത്സരിക്കുകയാണല്ലൊ പലർക്കും ആവശ്യം.

തങ്ങളുടെ സീറ്റുകൾ ആർക്കുംവിട്ടുകൊടുക്കില്ലെന്ന മുഖ്യകക്ഷിയുടെ നേതാക്കളുടെ വാദം അംഗീകരിക്കേണ്ടതു തന്നെ-ഇപ്പോൾ നിയമസഭയിൽ പ്രതിനിധീകരിക്കുന്ന സീറ്റുകളെങ്കിൽ. യഥാർത്ഥ നീതി മുന്നണി സംവിധാനത്തിൽ നടപ്പിലാക്കാൻ നേതൃത്വത്തിനു താത്പര്യമുണ്ടെങ്കിൽ ജയിച്ച സീറ്റുകളുടെ അനുപാതത്തിൽ സീറ്റുകൾ വിഭജിച്ചാൽ മതിയാകുമല്ലൊ. 95 സീറ്റുകൾ നിയമസഭയിൽ ഇപ്പോൾ ജനാധിപത്യ മുന്നണിയിലെ ഒരു പാർട്ടിക്കും സ്വന്തമല്ല. വിജയിച്ചതിന്റെ രണ്ടിരട്ടി എന്ന തോതിൽ കണക്കാക്കിയാൽ പോലും എല്ലാവർക്കും മാന്യമായ അനുപാതത്തിൽ നല്കാൻ മാത്രം സീറ്റുകൾ ഉണ്ടല്ലൊ.

*(ദീപിക, മെയ് 14).*

# കേരള നിയമസഭാ മണ്ഡലങ്ങൾ ഉൾപ്പെടുന്ന നഗരസഭകളും പഞ്ചായത്തുകളും

*(ഇന്ത്യൻ ഡീലിമിറ്റേഷൻ കമ്മീഷന്റെ 2005 മെയ് 16ലെ നിയോജകമണ്ഡല പുനർനിർണയ ഉത്തരവനുസരിച്ച്)*

**1. കാസർകോട് ജില്ല (5)**

1. **മഞ്ചേശ്വരം:** കാസർകോട് താലൂക്കിലെ എൻമകജെ, കുമ്പള, മംഗൽപാടി, മഞ്ചേശ്വരം, മീഞ്ച, പൈവളികെ, പുത്തിഗെ, വോർക്കാടി പഞ്ചായത്തുകൾ.
2. **കാസർകോട്:** കാസർകോട് താലൂക്കിലെ കാസർകോട് മുനിസിപ്പാലിറ്റി, ബദിയടുക്ക, ബെല്ലൂർ, ചെങ്കള, കാറഡുക്ക, കുമ്പഡാജെ, മധൂർ, മൊഗ്രാൽപുത്തൂർ പഞ്ചായത്തുകൾ.
3. **ഉദുമ:** കാസർകോട് താലൂക്കിലെ ബേഡഡുക്ക, ചെമ്മനാട്, ദേലംപാടി, കുറ്റിക്കോൽ, മുളിയാർ, ഹൊസ്ദുർഗ് താലൂക്കിലെ പള്ളിക്കര, പുല്ലൂർ-പെരിയ, ഉദുമ പഞ്ചായത്തുകൾ.
4. **കാഞ്ഞങ്ങാട്:** ഹൊസ്ദുർഗ് താലൂക്കിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി, അജാനൂർ, ബളാൽ, കള്ളാർ, കിനാനൂർ-കരിന്തളം, കോടോം-ബേളൂർ, മടിക്കൈ, പനത്തടി പഞ്ചായത്തുകൾ.
5. **തൃക്കരിപ്പൂർ:** ഹൊസ്ദുർഗ് താലൂക്കിലെ ചെറുവത്തൂർ, ഈസ്റ്റ് എളേരി, കയ്യൂർ-ചീമേനി, നീലേശ്വരം, പടന്ന, പിലിക്കോട്, തൃക്കരിപ്പൂർ, വലിയ പറമ്പ്, വെസ്റ്റ് എളേരി പഞ്ചായത്തുകൾ.

2. കണ്ണൂർ (11)

6. **പയ്യന്നൂർ:** തളിപ്പറമ്പ് താലൂക്കിലെ പയ്യന്നൂർ മുനിസിപ്പാലിറ്റി, ചെറുപുഴ, എരമം-കുറ്റൂർ, കാങ്കോൽ-ആലപ്പടമ്പ, കരിവെള്ളൂർ-പെരളം, പെരിങ്ങോം-വയക്കര, രാമന്തളി പഞ്ചായത്തുകൾ.
7. **കല്യാശ്ശേരി:** കണ്ണൂർ താലൂക്കിലെ ചെറുകുന്ന്, ചെറുതാഴം, ഏഴോം, കടന്നപ്പള്ളി-പാണപ്പുഴ, കല്യാശേരി, കണ്ണപുരം, കുഞ്ഞിമംഗലം, മാടായി, മാട്ടൂൽ, തളിപ്പറമ്പ് താലൂക്കിലെ പട്ടുവം പഞ്ചായത്തുകൾ.
8. **തളിപ്പറമ്പ്:** തളിപ്പറമ്പ് താലൂക്കിലെ തളിപ്പറമ്പ് മുനിസിപ്പാലിറ്റി, ചപ്പാരപ്പടവ്, കുറുമാത്തൂർ, കൊളച്ചേരി, കുറ്റ്യാട്ടൂർ, മലപ്പട്ടം, മയ്യിൽ, പരിയാരം പഞ്ചായത്തുകൾ.
9. **ഇരിക്കൂർ:** തളിപ്പറമ്പ് താലൂക്കിലെ ചെങ്ങളായി, ഏരുവേശി, ഇരിക്കൂർ, പയ്യാവൂർ, ശ്രീകണ്ഠപുരം, ആലക്കോട്, നടുവിൽ, ഉദയഗിരി, ഉളിക്കൽ പഞ്ചായത്തുകൾ.
10. **അഴീക്കോട്:** കണ്ണൂർ താലൂക്കിലെ അഴീക്കോട്, ചിറയ്ക്കൽ, നാറാത്ത്, പള്ളിക്കുന്ന്, പാപ്പിനിശ്ശേരി, പുഴാതി, വളപട്ടണം പഞ്ചായത്തുകൾ.
11. **കണ്ണൂർ:** കണ്ണൂർ താലൂക്കിലെ കണ്ണൂർ മുനിസിപ്പാലിറ്റി, ചേലോറ, എടക്കാട്, എളയാവൂർ, മുണ്ടേരി പഞ്ചായത്തുകൾ.
12. **ധർമടം:** കണ്ണൂർ താലൂക്കിലെ അഞ്ചരക്കണ്ടി, ചെമ്പിലോട്, കടമ്പൂർ, മുഴപ്പിലങ്ങാട്, പെരളശേരി, തലശേരി താലൂക്കിലെ ധർമടം, പിണറായി, വേങ്ങാട്, പഞ്ചായത്തുകൾ.
13. **തലശേരി:** തലശേരി താലൂക്കിലെ തലശേരി മുനിസിപ്പാലിറ്റി, ചൊക്ലി, എരഞ്ഞോളി, കതിരൂർ ന്യൂമാഹി, പന്ന്യന്നൂർ പഞ്ചായത്തുകൾ.
14. **കൂത്തുപറമ്പ്:** തലശേരി താലൂക്കിലെ കൂത്തുപറമ്പ് മുനിസിപ്പാലിറ്റി, കരിയാട്, കോട്ടയം-മലബാർ, കുന്നോത്തുപറമ്പ്, മൊകേരി, പാനൂർ, പാട്യം, പെരിങ്ങളം, തൃപ്പങ്ങോട്ടൂർ പഞ്ചായത്തുകൾ.
15. **മട്ടന്നൂർ:** തലശേരി താലൂക്കിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, ചിറ്റാരിപ്പറമ്പ്, കീഴല്ലൂർ, കൂടാളി, മാലൂർ, മാങ്ങാട്ടിടം, കോളയാട്, പടിയൂർ, കല്യാട്, തില്ലങ്കേരി പഞ്ചായത്തുകൾ.
16. **പേരാവൂർ:** തലശേരി താലൂക്കിലെ ആറളം, അയ്യൻകുന്ന്, കണിച്ചാർ, കീഴൂർ-ചാവശേരി, കേളകം, കൊട്ടിയൂർ, മുഴക്കുന്ന്, പായം, പേരാവൂർ പഞ്ചായത്തുകൾ.

**3. വയനാട് ജില്ല (3)**

17. **മാനന്തവാടി (എസ്.ടി.):** മാനന്തവാടി താലൂക്കിലെ എടവക, മാനന്തവാടി, പനമരം, തവിഞ്ഞാൽ, തിരുനെല്ലി, തൊണ്ടർനാട്. വെള്ളമുണ്ട പഞ്ചായത്തുകൾ.
18. **സുൽത്താൻ ബത്തേരി (എസ്.ടി.):** സുൽത്താൻബത്തേരി താലൂക്കിലെ അമ്പലവയൽ, മീനങ്ങാടി, മുള്ളൻകൊല്ലി, നെന്മേനി, നൂൽപ്പുഴ, പൂതാടി, പുൽപ്പള്ളി, സുൽത്താൻ ബത്തേരി പഞ്ചായത്തുകൾ.
19. **കൽപ്പറ്റ:** വൈത്തിരി താലൂക്കിലെ കൽപ്പറ്റ മുനിസിപ്പാലിറ്റി, കണിയാമ്പറ്റ, കോട്ടത്തറ, മേപ്പാടി, മുപ്പൈനാട്, മുട്ടിൽ, പടിഞ്ഞാറത്തറ, പൊഴുതന, തരിയോട്, വെങ്ങപ്പള്ളി, വൈത്തിരി പഞ്ചായത്തുകൾ

**4. കോഴിക്കോട് ജില്ല (13)**

20. **വടകര:** വടകര താലൂക്കിലെ വടകര മുനിസിപ്പാലിറ്റി, അഴിയൂർ, ചോറോട്, ഏറാമല, ഒഞ്ചിയം പഞ്ചായത്തുകൾ.
21. **കുറ്റ്യാടി:** വടകര താലൂക്കിലെ ആയഞ്ചേരി, കുന്നുമ്മൽ, കുറ്റ്യാടി, പുറമേരി, തിരുവള്ളൂർ, വേളം, മണിയൂർ, വില്യാപ്പള്ളി പഞ്ചായത്തുകൾ.
22. **നാദാപുരം:** വടകര താലൂക്കിലെ ചെക്ക്യാട്, എടച്ചേരി, കാവിലുംപാറ, കായക്കൊടി, മരുതോങ്കര, നാദാപുരം, നരിപ്പറ്റ, തൂണേരി, വളയം, വാണിമേൽ പഞ്ചായത്തുകൾ.
23. **കൊയിലാണ്ടി:** കൊയിലാണ്ടി താലൂക്കിലെ കൊ

യിലാണ്ടി മുനിസിപ്പാലിറ്റി, ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, പയ്യോളി, തിക്കോടി പഞ്ചായത്തുകൾ.

24. **പേരാമ്പ്ര:** കൊയിലാണ്ടി താലൂക്കിലെ അരിക്കുളം, ചക്കിട്ടപാറ, ചങ്ങരോത്ത്, ചെറുവണ്ണൂർ, കീഴരിയൂർ, കൂത്താളി, മേപ്പയ്യൂർ, നൊച്ചാട്, പേരാമ്പ്ര, തുറയൂർ പഞ്ചായത്തുകൾ.

25. **ബാലുശ്ശേരി (എസ്.സി):** കൊയിലാണ്ടി താലൂക്കിലെ അത്തോളി, ബാലുശ്ശേരി, കായണ്ണ, കൂരാച്ചുണ്ട്, കോട്ടൂർ, നടുവണ്ണൂർ, പനങ്ങാട്, ഉള്ളിയേരി, ഉണ്ണികുളം പഞ്ചായത്തുകൾ.

26. **എലത്തൂർ:** കോഴിക്കോട് താലൂക്കിലെ ചേളന്നൂർ, എലത്തൂർ, കക്കോടി, കാക്കൂർ, കുരുവട്ടൂർ, നന്മണ്ട, തലക്കുളത്തൂർ പഞ്ചായത്തുകൾ.

27. **കോഴിക്കോട് നോർത്ത്:** കോഴിക്കോട് താലൂക്കിലെ കോഴിക്കോട് കോർപറേഷൻ 1-16, 39,40,42-51 വാർഡുകൾ.

28. **കോഴിക്കോട് സൗത്ത്:** കോഴിക്കോട് താലൂക്കിലെ കോഴിക്കോട് കോർപറേഷൻ 17-38, 41 വാർഡുകൾ.

29. **ബേപ്പൂർ:** കോഴിക്കോട് താലൂക്കിലെ ബേപ്പൂർ, ചെറുവണ്ണൂർ-നല്ലളം, ഫറോക്ക്, കടലുണ്ടി, രാമനാട്ടുകര പഞ്ചായത്തുകൾ.

30. **കുന്നമംഗലം:** കോഴിക്കോട് താലൂക്കിലെ ചാത്തമംഗലം, കുന്നമംഗലം, മാവൂർ, ഒളവണ്ണ, പെരുമണ്ണ, പെരുവയൽ പഞ്ചായത്തുകൾ.

31. **കൊടുവള്ളി:** കോഴിക്കോട് താലൂക്കിലെ കിഴക്കോത്ത്, കൊടുവള്ളി, മടവൂർ, നരിക്കുനി, ഓമശ്ശേരി, താമരശ്ശേരി പഞ്ചായത്തുകൾ.

32. **തിരുവമ്പാടി:** കോഴിക്കോട് താലൂക്കിലെ കാരശ്ശേരി, കോടഞ്ചേരി, കൊടിയത്തൂർ, കൂടരഞ്ഞി, മുക്കം, പുതുപ്പാടി, തിരുവമ്പാടി പഞ്ചായത്തുകൾ.

### 5. മലപ്പുറം ജില്ല (16)

33. **കൊണ്ടോട്ടി:** ഏറനാട് താലൂക്കിലെ ചീക്കോട്, ചെറുകാവ്, കൊണ്ടോട്ടി, പുളിക്കൽ, വാഴക്കാട്, നെടിയിരുപ്പ്, വാഴയൂർ പഞ്ചായത്തുകൾ.

34. **ഏറനാട്:** നിലമ്പൂർ താലൂക്കിലെ ചാലിയാർ, ഏറനാട് താലൂക്കിലെ അരീക്കോട്, എടവണ്ണ, കാവനൂർ, കീഴുപറമ്പ്, ഊർങ്ങാട്ടിരി, കുഴിമണ്ണ പഞ്ചായത്തുകൾ.

35. **നിലമ്പൂർ:** നിലമ്പൂർ താലൂക്കിലെ അമരമ്പലം, ചുങ്കത്തറ, എടക്കര, കരുളായി, മൂത്തേടം, നിലമ്പൂർ, പോത്തുകൽ, വഴിക്കടവ് പഞ്ചായത്തുകൾ.

36. **വണ്ടൂർ (എസ്.സി):** നിലമ്പൂർ താലൂക്കിലെ ചോക്കാട്, കാളികാവ്, കരുവാരക്കുണ്ട്, മമ്പാട്, പോരൂർ, തിരുവാലി, തുവ്വൂർ, വണ്ടൂർ പഞ്ചായത്തുകൾ.

37. **മഞ്ചേരി:** ഏറനാട് താലൂക്കിലെ മഞ്ചേരി മുനിസിപ്പാലിറ്റി, പാണ്ടിക്കാട്, തൃക്കലങ്ങോട്, പെരിന്തൽമണ്ണ താലൂക്കിലെ എടപ്പറ്റ, കീഴാറ്റൂർ പഞ്ചായത്തുകൾ.

38. **പെരിന്തൽമണ്ണ:** പെരിന്തൽമണ്ണ താലൂക്കിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, ആലിപ്പറമ്പ്, ഏലംകുളം, പുലാമന്തോൾ, താഴേക്കോട്, വെട്ടത്തൂർ, മേലാറ്റൂർ പഞ്ചായത്തുകൾ.

39. **മങ്കട:** പെരിന്തൽമണ്ണ താലൂക്കിലെ അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, കുറുവ, മക്കരപ്പറമ്പ, മങ്കട, മൂർക്കനാട്, പുഴക്കാട്ടിരി പഞ്ചായത്തുകൾ.

40. **മലപ്പുറം:** ഏറനാട് താലൂക്കിലെ മലപ്പുറം, മുനിസിപ്പാലിറ്റി, മൊറയൂർ, പൂക്കോട്ടൂർ, ആനക്കയം, പുൽപറ്റ, പെരിന്തൽമണ്ണ താലൂക്കിലെ കോടൂർ പഞ്ചായത്തുകൾ.

41. **വേങ്ങര:** തിരൂരങ്ങാടി താലൂക്കിലെ അബ്ദുറഹിമാൻ നഗർ, കണ്ണമംഗലം, ഒതുക്കുങ്ങൽ, പറപ്പൂർ, ഊരകം, വേങ്ങര പഞ്ചായത്തുകൾ.

42. **വള്ളിക്കുന്ന്:** തിരൂരങ്ങാടി താലൂക്കിലെ ചേലേമ്പ്ര, മൂന്നിയൂർ, പള്ളിക്കൽ, പെരുവള്ളൂർ, തേഞ്ഞിപ്പലം, വള്ളിക്കുന്ന് പഞ്ചായത്തുകൾ.

43. **തിരൂരങ്ങാടി:** തിരൂരങ്ങാടി താലൂക്കിലെ എടരിക്കോട്, നന്നമ്പ്ര, പരനപ്പനങ്ങാടി, തെന്നല, തിരൂരങ്ങാടി, തിരൂർ താലൂക്കിലെ പെരുമണ്ണ, ക്ലാരി പഞ്ചായത്തുകൾ.

44. **താനൂർ:** തിരൂർ താലൂക്കിലെ ചെറിയമുണ്ടം, നിറമരുതൂർ, ഒഴൂർ, പൊന്മുണ്ടം, താനാളൂർ, താനൂർ പഞ്ചായത്തുകൾ.

45 **തിരൂർ:** തിരൂർ മുനിസിപ്പാലിറ്റി, ആതവനാട്, കൽപകഞ്ചേരി, തലക്കാട്, തിരുനാവായ, വളവന്നൂർ, വെട്ടം പഞ്ചായത്തുകൾ.

46. **കോട്ടയ്ക്കൽ:** തിരൂർ താലൂക്കിലെ എടയൂർ, ഇരിമ്പിളിയം, കോട്ടയ്ക്കൽ, കുറ്റിപ്പുറം, മാറാക്കര, പൊന്മള, വളാഞ്ചേരി പഞ്ചായത്തുകൾ.

47. **തവനൂർ:** പൊന്നാനി താലൂക്കിലെ എടപ്പാൾ, തവനൂർ, വട്ടംകുളം, തിരൂർ താലൂക്കിലെ പുറത്തൂർ, മംഗലം, തൃപ്രങ്ങോട് പഞ്ചായത്തുകൾ.

48. **പൊന്നാനി:** പൊന്നാനി താലൂക്കിലെ പൊന്നാനി മുനിസിപ്പാലിറ്റി, ആലംകോട്, മാറഞ്ചേരി, നന്നംമുക്ക്, പെരുമ്പടപ്പ്, വെളിയംകോട് പഞ്ചായത്തുകൾ.

### 6. പാലക്കാട് ജില്ല (12)

49. **തൃത്താല:** ഒറ്റപ്പാലം താലൂക്കിലെ ആനക്കര, ചാലിശേരി, കപ്പൂർ, നാഗലശേരി, പരതൂർ, പട്ടിത്തറ, തിരുമിറ്റക്കോട്, തൃത്താല പഞ്ചായത്തുകൾ.

50. **പട്ടാമ്പി:** ഒറ്റപ്പാലം താലൂക്കിലെ കൊപ്പം, കുലുക്കല്ലൂർ, മുതുതറ, ഓങ്ങലൂർ, പട്ടാമ്പി, തിരുവേഗപ്പുര, വല്ലപ്പുഴ, വിളയൂർ പഞ്ചായത്തുകൾ.

51. **ഷൊർണൂർ:** ഒറ്റപ്പാലം താലൂക്കിലെ ഷൊർണൂർ മുനിസിപ്പാലിറ്റി, അനങ്ങനടി, ചളവറ, ചെർപ്പുളശേരി, നെല്ലായ, തൃക്കടീരി, വാണിയംകുളം, വെള്ളിനേഴി പഞ്ചായത്തുകൾ.

52. **ഒറ്റപ്പാലം:** ഒറ്റപ്പാലം താലൂക്കിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റി, അമ്പലപ്പാറ, കടമ്പഴിപ്പുറം, കരിമ്പുഴ, ലക്കിടി-പേരൂർ, പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം, തച്ചനാട്ടുകര പഞ്ചായത്തുകൾ.

**53. കോങ്ങാട് (എസ്.സി):** മണ്ണാർക്കാട് താലൂക്കിലെ കാഞ്ഞിരപ്പുഴ, കാരാകുറുശി, തച്ചമ്പാറ, കരിമ്പ, പാലക്കാട് താലൂക്കിലെ കേരളശേരി, കോങ്ങാട്, മങ്കര, മണ്ണൂർ, പറളി പഞ്ചായത്തുകൾ.

**54.മണ്ണാർക്കാട്:** മണ്ണാർക്കാട് താലൂക്കിലെ അഗളി, അലനെല്ലൂർ, കോട്ടോപ്പാടം, കുമരംപുത്തൂർ, മണ്ണാർക്കാട്, പുതൂർ, ഷോളയാർ പഞ്ചായത്തുകൾ.

**55. മലമ്പുഴ:** പാലക്കാട് താലൂക്കിലെ അകത്തേത്തറ, എലപ്പുള്ളി, കൊടുമ്പ, മലമ്പുഴ, മരുതറോഡ്, മുണ്ടൂർ, പുതുശേരി, പുതുപ്പരിയാരം പഞ്ചായത്തുകൾ.

**56. പാലക്കാട്:** പാലക്കാട് മുനിസിപ്പാലിറ്റി, കണ്ണാടി, പിരായിരി, ആലത്തൂർ താലൂക്കിലെ മാത്തൂർ പഞ്ചായത്തുകൾ.

**57. തരൂർ (എസ്.സി):** ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര, കാവശേരി, കോട്ടായി, കുത്തനൂർ, പെരിങ്ങോട്ടുകുറുശി, പുതുക്കോട്, തരൂർ, വടക്കഞ്ചേരി പഞ്ചായത്തുകൾ.

**58. ചിറ്റൂർ:** ചിറ്റൂർ താലൂക്കിലെ ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി, എരുത്തേമ്പതി, കൊഴിഞ്ഞമ്പാറ, നല്ലേപ്പിള്ളി, പട്ടഞ്ചേരി, പെരുമാട്ടി, വടകരപ്പതി, പാലക്കാട് താലൂക്കിലെ പെരുവെമ്പ്, പൊൽപ്പുള്ളി പഞ്ചായത്തുകൾ.

**59. നെന്മാറ:** ചിറ്റൂർ താലൂക്കിലെ എലവഞ്ചേരി, കൊടുവായൂർ, കൊല്ലങ്കോട്, മുതലമട, നെല്ലിയാമ്പതി, നെന്മാറ, പല്ലശന, അയിലൂർ, പുതുനഗരം, വടവന്നൂർ പഞ്ചായത്തുകൾ.

**60. ആലത്തൂർ:** ആലത്തൂർ താലൂക്കിലെ ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി, കുഴൽമന്ദം, മേലാർക്കോട്, തേൻകുറുശി, വണ്ടാഴി പഞ്ചായത്തുകൾ.

## 7. തൃശൂർ ജില്ല(13)

**61. ചേലക്കര (എസ്.സി.) :** തലപ്പിള്ളി താലൂക്കിലെ ചേലക്കര, ദേശമംഗലം, കൊണ്ടാഴി, മുള്ളൂർക്കര, പാഞ്ഞാൾ, പഴയന്നൂർ, തിരുവില്വാമല, വള്ളത്തോൾ നഗർ, വരവൂർ പഞ്ചായത്തുകൾ.

**62.കുന്നംകുളം:** തലപ്പിള്ളി താലൂക്കിലെ കുന്നംകുളം മുനിസിപ്പാലിറ്റി, ചൊവ്വന്നൂർ, എരുമപ്പെട്ടി, കടങ്ങോട്, കടവല്ലൂർ, കാട്ടകാമ്പൽ, പോർക്കുളം, വേലൂർ പഞ്ചായത്തുകൾ.

**63. ഗുരുവായൂർ:** ചാവക്കാട് താലൂക്കിലെ ചാവക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികൾ, കടപ്പുറം, ഒരുമനയൂർ, പൂക്കോട്, പുന്നയൂർ, പുന്നയൂർക്കുളം, ഏങ്ങണ്ടിയൂർ, വടക്കേകാട് പഞ്ചായത്തുകൾ.

**64. മണലൂർ:** തൃശൂർ താലൂക്കിലെ അരിമ്പൂർ, മണലൂർ, തലപ്പിള്ളി താലൂക്കിലെ ചൂണ്ടൽ, കണ്ടാണശേരി, ചാവക്കാട് താലൂക്കിലെ എളവള്ളി, മുല്ലശേരി, വാടാനപ്പള്ളി, പാവറട്ടി, തൈക്കാട്, വെങ്കിടങ്ങ് പഞ്ചായത്തുകൾ.

**65. വടക്കാഞ്ചേരി:** തൃശൂർ താലൂക്കിലെ അടാട്ട്, അവണൂർ, കൈപ്പറമ്പ്, കോലഴി, മുളങ്കുന്നത്തുകാവ്, തോളൂർ, തലപ്പിള്ളി താലൂക്കിലെ മുണ്ടത്തിക്കോട്, വടക്കാഞ്ചേരി, തെക്കുംകര പഞ്ചായത്തുകൾ.

**66. ഒല്ലൂർ:** തൃശൂർ താലൂക്കിലെ മാടക്കത്തറ, നടത്തറ, പാണഞ്ചേരി, പുത്തൂർ പഞ്ചായത്തുകൾ, തൃശൂർ കോർപറേഷൻ 12, 13, 23-31, 40-42 വാർഡുകൾ.

**67. തൃശൂർ:** തൃശൂർ താലൂക്കിലെ തൃശൂർ കോർപറേഷൻ 1-11, 14-22, 32-39, 43-50 വാർഡുകൾ.

**68. നാട്ടിക (എസ്.സി) :** തൃശൂർ താലൂക്കിലെ അന്തിക്കാട്, അവിണിശേരി, ചാഴൂർ, ചേർപ്പ്, പാറളം, താന്ന്യം, ചാവക്കാട് താലൂക്കിലെ നാട്ടിക, വലപ്പാട്, തളിക്കുളം പഞ്ചായത്തുകൾ.

69. **കയ്പമംഗലം:** കൊടുങ്ങല്ലൂർ താലൂക്കിലെ എടവിലങ്ങ്, എടത്തിരുത്തി, എറിയാട്, കയ്പമംഗലം, മതിലകം,പെരിഞ്ഞനം, ശ്രീനാരായണപുരം പഞ്ചായത്തുകൾ.

**70. ഇരിങ്ങാലക്കുട:** മുകുന്ദപുരം താലൂക്കിലെ, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി, ആളൂർ, കാറളം, കാട്ടൂർ, മുരിയാട്, പടിയൂർ, പൂമംഗലം, പൊറത്തിശേരി, വേളൂക്കര പഞ്ചായത്തുകൾ.

**71. പുതുക്കാട്:** മുകുന്ദപുരം താലൂക്കിലെ അളഗപ്പ നഗർ, മറ്റത്തൂർ, നെന്മണിക്കര, പറപ്പൂക്കര, പുതുക്കാട്, വരന്തരപ്പിള്ളി, തൃക്കൂർ, തൃശൂർ താലൂക്കിലെ വല്ലച്ചിറ പഞ്ചായത്തുകൾ.

**72. ചാലക്കുടി:** മുകുന്ദപുരം താലൂക്കിലെ ചാലക്കുടി മുനിസിപ്പാലിറ്റി, അതിരപ്പിള്ളി, കാടുകുറ്റി, കൊടകര, കോടശേരി, കൊരട്ടി, മേലൂർ, പരിയാരം പഞ്ചായത്തുകൾ.

**73. കൊടുങ്ങല്ലൂർ:** കൊടുങ്ങല്ലൂർ താലൂക്കിലെ കൊടുങ്ങല്ലൂർ മുനിസിപ്പിലാറ്റി, മേത്തല, പൊയ്യ, മുകുന്ദപുരം താലൂക്കിലെ അന്നമനട, കുഴൂർ, മാള, പുത്തൻചിറ, വെള്ളാങ്ങല്ലൂർ പഞ്ചായത്തുകൾ.

## 8. എറണാകുളം ജില്ല (14)

**74. പെരുമ്പാവൂർ:** കുന്നത്തുനാട് താലൂക്കിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റി, അശമന്നൂർ, കൂവപ്പടി, മുടക്കുഴ, ഒക്കൽ, രായമംഗലം, വെങ്ങോല, വേങ്ങൂർ പഞ്ചായത്തുകൾ.

**75. അങ്കമാലി:** ആലുവ താലൂക്കിലെ അങ്കമാലി മുനിസിപ്പാലിറ്റി, അയ്യമ്പുഴ, കാലടി, കറുകുറ്റി, മലയാറ്റൂർ, മഞ്ഞപ്ര, മൂക്കന്നൂർ, പാറക്കടവ്, തുറവൂർ പഞ്ചായത്തുകൾ.

**76. ആലുവ:** ആലുവ താലൂക്കിലെ ആലുവ മുനിസിപ്പാലിറ്റി, ചെങ്ങമനാട്, ചൂർണിക്കര, എടത്തല, കാഞ്ഞൂർ, കീഴ്മാട്, നെടുമ്പാശേരി, ശ്രീമൂലനഗരം പഞ്ചായത്തുകൾ.

**77. കളമശേരി:** കണയന്നൂർ താലൂക്കിലെ കളമശേരി മുനിസിപ്പാലിറ്റി, പറവൂർ താലൂക്കിലെ ആലങ്ങാട്, ഏലൂർ, കടുങ്ങല്ലൂർ, കുന്നുകര, കരുമാല്ലൂർ പഞ്ചായത്തുകൾ

**78. പറവൂർ:** പറവൂർ താലൂക്കിലെ പറവൂർ മുനിസിപ്പാ

ലിറ്റി, ചേന്ദമംഗലം, ചിറ്റാറ്റുകര, ഏഴിക്കര, കോട്ടുവള്ളി, പുത്തൻവേലിക്കര, വരാപ്പുഴ, വടക്കേക്കര പഞ്ചായത്തുകൾ.

79. **വൈപ്പിൻ:** കണയന്നൂർ താലൂക്കിലെ കടമക്കുടി, മുളവുകാട്, കൊച്ചി താലൂക്കിലെ എടവനക്കാട്, എളങ്കുന്നപ്പുഴ, കുഴുപ്പിള്ളി, നായരമ്പലം, ഞാറയ്ക്കൽ, പള്ളിപ്പുറം പഞ്ചായത്തുകൾ.

80. **കൊച്ചി:** കൊച്ചി താലൂക്കിലെ കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകൾ, കൊച്ചി കോർപറേഷൻ, 1-10 വാർഡുകൾ, കണയന്നൂർ താലൂക്കിലെ കൊച്ചി കോർപറേഷൻ 19-25 വാർഡുകൾ.

81. **തൃപ്പൂണിത്തുറ:** കണയന്നൂർ താലൂക്കിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി, കുമ്പളം, മരട്, ഉദയംപേരൂർ പഞ്ചായത്തുകൾ, കൊച്ചി താലൂക്കിലെ കൊച്ചി കോർപറേഷൻ 11-18 വാർഡുകൾ.

82. **എറണാകുളം:** കൊച്ചി താലൂക്കിലെ കൊച്ചി കോർപറേഷൻ 26-ാം വാർഡ്, കണയന്നൂർ താലൂക്കിലെ ചേരാനല്ലൂർ പഞ്ചായത്ത്, കൊച്ചി കോർപറേഷൻ 27-30, 32-35, 52-66 വാർഡുകൾ.

83. **തൃക്കാക്കര:** കണയന്നൂർ താലൂക്കിലെ കൊച്ചി കോർപറേഷൻ 31, 33, 36-51 വാർഡുകൾ, തൃക്കാക്കര പഞ്ചായത്ത്.

84. **കുന്നത്തുനാട് (എസ്.സി):** കുന്നത്തുനാട് താലൂക്കിലെ ഐക്കരനാട്, കിഴക്കമ്പലം, കുന്നത്തുനാട്, മഴുവന്നൂർ, പുതൃക്ക, തിരുവാണിയൂർ, വടവുകോട്-പുത്തൻകുരിശ്, വാഴക്കുളം പഞ്ചായത്തുകൾ.

85 **പിറവം:** കണയന്നൂർ താലൂക്കിലെ ആമ്പല്ലൂർ, എടയ്ക്കാട്ടുവയൽ, ചോറ്റാനിക്കര, മുളന്തുരുത്തി, തിരുവാങ്കുളം, മൂവാറ്റുപുഴ താലൂക്കിലെ ഇലഞ്ഞി, കൂത്താട്ടുകുളം, മണീട്, പാമ്പാക്കുട, പിറവം, രാമമംഗലം, തിരുമാറാടി പഞ്ചായത്തുകൾ.

86. **മൂവാറ്റുപുഴ:** മൂവാറ്റുപുഴ താലൂക്കിലെ മൂവാറ്റുപുഴ മുനിസിപ്പിലാറ്റി, ആരക്കുഴ, ആവോലി, ആയവന, കല്ലൂർക്കാട്, മഞ്ഞള്ളൂർ, മാറാടി, പായിപ്ര, പാലക്കുഴ, വാളകം, കോതമംഗലം താലൂക്കിലെ പൈങ്ങോട്ടൂർ, പോത്താനിക്കാട് പഞ്ചായത്തുകൾ.

87. **കോതമംഗലം:** കോതമംഗലം താലൂക്കിലെ കോതമംഗലം മുനിസിപ്പാലിറ്റി, കവളങ്ങാട്, കീരംപാറ, കോട്ടപ്പടി, കുട്ടമ്പുഴ, നെല്ലിക്കുഴി, പല്ലാരിമംഗലം, പിണ്ടിമന, വാരപ്പെട്ടി.

## 9. ഇടുക്കി ജില്ല (5)

88. **ദേവികുളം (എസ്.സി):** ദേവികുളം താലൂക്കിലെ അടിമാലി, കാന്തല്ലൂർ, മാൻകുളം, മറയൂർ, മൂന്നാർ, പള്ളിവാസൽ, വട്ടവട, വെള്ളത്തൂവൽ, ഉടുമ്പൻചോല താലൂക്കിലെ ബൈസൺവാലി, ചിന്നക്കനാൽ പഞ്ചായത്തുകൾ.

89. **ഉടുമ്പൻചോല:** ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ, കരുണാപുരം, നെടുങ്കണ്ടം, പാമ്പാടുംപാറ, രാജാക്കാട്, രാജകുമാരി, ശാന്തൻപാറ, സേനാപതി, ഉടുമ്പൻചോല, വണ്ടൻമേട് പഞ്ചായത്തുകൾ.

90. **തൊടുപുഴ:** തൊടുപുഴ താലൂക്കിലെ തൊടുപുഴ മുനിസിപ്പാലിറ്റി, ആലക്കോട്, ഇടവെട്ടി, കരിമണ്ണൂർ, കരിങ്കുന്നം, കോടികുളം, കുമാരമംഗലം, മണക്കാട്, മുട്ടം, പുറപ്പുഴ, ഉടുമ്പന്നൂർ, വണ്ണപ്പുറം, വെള്ളിയമറ്റം പഞ്ചായത്തുകൾ.

91. **ഇടുക്കി:** തൊടുപുഴ താലൂക്കിലെ അറക്കുളം, ഇടുക്കി-കഞ്ഞിക്കുഴി, കുടയത്തൂർ, വാഴത്തോപ്പ്, ഉടുമ്പൻചോല താലൂക്കിലെ കാമാക്ഷി, കാഞ്ചിയാർ, കട്ടപ്പന, കൊന്നത്തടി, മരിയാപുരം, വാത്തിക്കുടി പഞ്ചായത്തുകൾ.

92. **പീരുമേട്:** ഉടുമ്പൻചോല താലൂക്കിലെ അയ്യപ്പൻകോവിൽ, ചക്കുപള്ളം, പീരുമേട് താലൂക്കിലെ ഏലപ്പാറ, കൊക്കയാർ, കുമളി, പീരുമേട്, പെരുവന്താനം, ഉപ്പുതറ, വണ്ടിപ്പെരിയാർ പഞ്ചായത്തുകൾ.

## 10. കോട്ടയം ജില്ല (9)

93. **പാലാ:** മീനച്ചിൽ താലൂക്കിലെ പാലാ മുനിസിപ്പാലിറ്റി, ഭരണങ്ങാനം, കടനാട്, കരൂർ, കൊഴുവനാൽ, മീനച്ചിൽ, മേലുകാവ്, മൂന്നിലവ്, മുത്തോലി, രാമപുരം, തലനാട്, തലപ്പലം, കാഞ്ഞിരപ്പള്ളി താലൂക്കിലെ എലിക്കുളം പഞ്ചായത്തുകൾ.

94. **കടുത്തുരുത്തി:** മീനച്ചിൽ താലൂക്കിലെ കടപ്ലാമറ്റം, കാണക്കാരി, കിടങ്ങൂർ, കുറവിലങ്ങാട്, മരങ്ങാട്ടുപിള്ളി, ഉഴവൂർ, വെളിയന്നൂർ, വൈക്കം താലൂക്കിലെ കടുത്തുരുത്തി, മാഞ്ഞൂർ, മുളക്കുളം, ഞീഴൂർ പഞ്ചായത്തുകൾ.

95. **വൈക്കം (എസ്.സി):** വൈക്കം താലൂക്കിലെ വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ്, കല്ലറ, മറവൻതുരുത്ത്, ടി.വി.പുരം, തലയാഴം, തലയോലപ്പറമ്പ്, ഉദയനാപുരം, വെച്ചൂർ, വെള്ളൂർ പഞ്ചായത്തുകൾ.

96. **ഏറ്റുമാനൂർ:** കോട്ടയം താലൂക്കിലെ അയ്മനം, ആർപ്പൂക്കര, അതിരമ്പുഴ, ഏറ്റുമാനൂർ, കുമരകം, നീണ്ടൂർ, തിരുവാർപ്പ് പഞ്ചായത്തുകൾ.

97. **കോട്ടയം:** കോട്ടയം താലൂക്കിലെ കോട്ടയം മുനിസിപ്പാലിറ്റി, കുമാരനല്ലൂർ, നാട്ടകം, പനച്ചിക്കാട്, വിജയപുരം പഞ്ചായത്തുകൾ.

98. **പുതുപ്പള്ളി:** കോട്ടയം താലൂക്കിലെ അകലക്കുന്നം, അയർക്കുന്നം, കൂരോപ്പട, മണർകാട്, മീനടം, പാമ്പാടി, പുതുപ്പള്ളി, ചങ്ങനാശ്ശേരി താലൂക്കിലെ വാകത്താനം പഞ്ചായത്തുകൾ.

99. **ചങ്ങനാശ്ശേരി:** ചങ്ങനാശ്ശേരി താലൂക്കിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, കുറിച്ചി, മാടപ്പള്ളി, പായിപ്പാട്, തൃക്കൊടിത്താനം, വാഴപ്പള്ളി പഞ്ചായത്തുകൾ.

100. **കാഞ്ഞിരപ്പള്ളി:** കാഞ്ഞിരപ്പള്ളി താലൂക്കിലെ ചിറക്കടവ്, കാഞ്ഞിരപ്പള്ളി, മണിമല, ചങ്ങനാശ്ശേരി താലൂക്കിലെ കങ്ങഴ, കറുകച്ചാൽ, നെടുംകുന്നം, വാഴൂർ, വെള്ളാവൂർ, കോട്ടയം താലൂക്കിലെ പള്ളിക്കത്തോട് പഞ്ചായത്തുകൾ.

101. **പൂഞ്ഞാർ:** കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി,

കൂട്ടിക്കൽ, മുണ്ടക്കയം, പാറത്തോട്, മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, തീക്കോയി, തിടനാട് പഞ്ചായത്തുകൾ.

### 11. ആലപ്പുഴ (9)

**102. അരൂർ:** ചേർത്തല താലൂക്കിലെ അരുക്കുറ്റി, അരൂർ, ചേന്നം-പള്ളിപ്പുറം-എഴുപുന്ന, കോടന്തുരുത്ത്, കുത്തിയതോട്, പാണാവള്ളി, പെരുമ്പളം, തൈക്കാട്ടുശ്ശേരി, തുറവൂർ പഞ്ചായത്തുകൾ.

**103. ചേർത്തല:** ചേർത്തല താലൂക്കിലെ ചേർത്തല മുനിസിപ്പാലിറ്റി, ചേർത്തല സൗത്ത്, കടക്കരപ്പള്ളി, കഞ്ഞിക്കുഴി, മുഹമ്മ, പട്ടണക്കാട്, തണ്ണീർമുക്കം, വയലാർ പഞ്ചായത്തുകൾ.

**104. ആലപ്പുഴ:** അമ്പലപ്പുഴ താലൂക്കിലെ ആലപ്പുഴ മുനിസിപ്പാലിറ്റി 1-19, 45-50 വാർഡുകൾ, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം സൗത്ത്, ചേർത്തല താലൂക്കിലെ മാരാരിക്കുളം നോർത്ത് പഞ്ചായത്തുകൾ.

**105. അമ്പലപ്പുഴ:** അമ്പലപ്പുഴ താലൂക്കിലെ ആലപ്പുഴ മുനിസിപ്പാലിറ്റി 20-44 വാർഡുകൾ, അമ്പലപ്പുഴ നോർത്ത്, അമ്പലപ്പുഴ സൗത്ത്, പുന്നപ്ര നോർത്ത്, പുന്നപ്ര സൗത്ത്, പുറക്കാട് പഞ്ചായത്തുകൾ.

**106. കുട്ടനാട്:** കുട്ടനാട് താലൂക്കിലെ ചമ്പക്കുളം, എടത്വ, കൈനകരി, കാവാലം, മുട്ടാർ, നെടുമുടി, നീലംപേരൂർ, പുളിങ്കുന്ന്, രാമങ്കരി, തകഴി, തലവടി, വെളിയനാട് പഞ്ചായത്തുകൾ.

**107. ഹരിപ്പാട്:** കാർത്തികപ്പള്ളി താലൂക്കിലെ ആറാട്ടുപുഴ, ചേപ്പാട്, ചെറുതന, ചിങ്ങോലി, ഹരിപ്പാട്, കാർത്തികപ്പള്ളി, കരുവാറ്റ, കുമാരപുരം, മുതുകുളം, പള്ളിപ്പാട്, തൃക്കുന്നപ്പുഴ, വീയപുരം പഞ്ചായത്തുകൾ.

**108. കായംകുളം:** കാർത്തികപ്പള്ളി താലൂക്കിലെ കായംകുളം മുനിസിപ്പാലിറ്റി, ദേവികുളങ്ങര, കണ്ടല്ലൂർ, കൃഷ്ണപുരം, പത്തിയൂർ, മാവേലിക്കര താലൂക്കിലെ ഭരണിക്കാവ്, ചെട്ടിക്കുളങ്ങര പഞ്ചായത്തുകൾ.

**109. മാവേലിക്കര (എസ്.സി) :** മാവേലിക്കര താലൂക്കിലെ മാവേലിക്കര മുനിസിപ്പാലിറ്റി, ചുനക്കര, മാവേലിക്കര-തെക്കേക്കര, മാവേലിക്കര-താമരക്കുളം, നൂറനാട്, പാലമേൽ, തഴക്കര, വള്ളികുന്നം പഞ്ചായത്തുകൾ.

**110. ചെങ്ങന്നൂർ:** ചെങ്ങന്നൂർ താലൂക്കിലെ ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, ആല, ബുധനൂർ, ചെറിയനാട്, മാന്നാർ, മുളക്കുഴ, പാണ്ടനാട്, പുലിയൂർ, തിരുവൻവണ്ടൂർ, വെണ്മണി, മാവേലിക്കര താലൂക്കിലെ ചെന്നിത്തല, തൃപ്പെരുന്തുറ പഞ്ചായത്തുകൾ.

### 12. പത്തനംതിട്ട ജില്ല (5)

**111. തിരുവല്ല:** തിരുവല്ല താലൂക്കിലെ തിരുവല്ല മുനിസിപ്പാലിറ്റി, കടപ്ര, കവിയൂർ, കുറ്റൂർ, നെടുമ്പ്രം, നിരണം, പെരിങ്ങര, മല്ലപ്പള്ളി താലൂക്കിലെ ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി, പുറമറ്റം, കുന്നന്താനം പഞ്ചായത്തുകൾ.

**112. റാന്നി:** മല്ലപ്പള്ളി താലൂക്കിലെ എഴുമറ്റൂർ, കൊറ്റനാട്, കോട്ടാങ്ങൽ, റാന്നി താലൂക്കിലെ അയിരൂർ, നാറാണംമുഴി, റാന്നി അങ്ങാടി, റാന്നി പഴവങ്ങാടി, റാന്നി പെരുനാട്, ചെറുകോൽ, റാന്നി, വടശേരിക്കര, വെച്ചൂച്ചിറ പഞ്ചായത്തുകൾ.

**113. ആറന്മുള:** കോഴഞ്ചേരി താലൂക്കിലെ പത്തനംതിട്ട മുനിസിപ്പാലിറ്റി, ആറന്മുള, ചെന്നീർക്കര, ഇലന്തൂർ, കോഴഞ്ചേരി, കുളനട, മല്ലപ്പുഴശേരി, മെഴുവേലി, നാരങ്ങാനം, ഓമല്ലൂർ, തിരുവല്ല താലൂക്കിലെ ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശേരി.

**114. കോന്നി:** കോഴഞ്ചേരി താലൂക്കിലെ അരുവാപ്പുലം, കോന്നി, മലയാലപ്പുഴ, പ്രമാടം, മൈലപ്ര, വള്ളിക്കോട്, തണ്ണിത്തോട്, അടൂർ താലൂക്കിലെ ഏനാദിമംഗലം, കലഞ്ഞൂർ, റാന്നി താലൂക്കിലെ ചിറ്റാർ, സീതത്തോട് പഞ്ചായത്തുകൾ.

**115. അടൂർ (എസ്.സി):** അടൂർ താലൂക്കിലെ അടൂർ മുനിസിപ്പാലിറ്റി, പന്തളം, തുമ്പമൺ, പന്തളം തെക്കേക്കര, കൊടുമൺ, ഏഴംകുളം, ഏറത്ത്, പള്ളിക്കൽ, കടമ്പനാട് പഞ്ചായത്തുകൾ.

### 13. കൊല്ലം ജില്ല (11)

**116. കരുനാഗപ്പള്ളി:** കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട്, ക്ലാപ്പന, കുലശേഖരപുരം, ഓച്ചിറ, തഴവ, തൊടിയൂർ, കരുനാഗപ്പള്ളി പഞ്ചായത്തുകൾ.

**117. ചവറ:** കൊല്ലം താലൂക്കിലെ കൊല്ലം കോർപറേഷൻ 1-5, 49, 50 വാർഡുകൾ, കരുനാഗപ്പള്ളി താലൂക്കിലെ ചവറ, നീണ്ടകര, പന്മന, തെക്കുംഭാഗം, തേവലക്കര പഞ്ചായത്തുകൾ.

**118. കുന്നത്തൂർ (എസ്.സി) :** കൊല്ലം താലൂക്കിലെ ഈസ്റ്റ് കല്ലട, മൺറോതുരുത്ത്, കുന്നത്തൂർ താലൂക്കിലെ കുന്നത്തൂർ, മൈനാഗപ്പള്ളി, പോരുവഴി, ശാസ്താംകോട്ട, ശൂരനാട് നോർത്ത്, ശൂരനാട് സൗത്ത്, വെസ്റ്റ് കല്ലട, കൊട്ടാരക്കര താലൂക്കിലെ പവിത്രേശ്വരം പഞ്ചായത്തുകൾ.

**119. കൊട്ടാരക്കര:** കൊട്ടാരക്കര താലൂക്കിലെ എഴുകോൺ, കരീപ്ര, കൊട്ടാരക്കര, കുളക്കട, മൈലം, നെടുവത്തൂർ, വെളിയം, ഉമ്മന്നൂർ പഞ്ചായത്തുകൾ.

**120. പത്തനാപുരം:** കൊട്ടാരക്കര താലൂക്കിലെ മേലില, വെട്ടിക്കവല, പത്തനാപുരം താലൂക്കിലെ പത്തനാപുരം, പട്ടാഴി, പട്ടാഴി വടക്കേക്കര, പിറവന്തൂർ, തലവൂർ, വിളക്കുടി പഞ്ചായത്തുകൾ.

**121. പുനലൂർ:** പത്തനാപുരം താലൂക്കിലെ പുനലൂർ മുനിസിപ്പാലിറ്റി, അഞ്ചൽ, ആര്യങ്കാവ്, ഇടമുളയ്ക്കൽ, ഏരൂർ, കരവാളൂർ, കുളത്തൂപ്പുഴ, തെന്മല പഞ്ചായത്തുകൾ.

**122. ചടയമംഗലം:** പത്തനാപുരം താലൂക്കിലെ അലയമൺ, കൊട്ടാരക്കര താലൂക്കിലെ ചടയമംഗലം, ചിതറ, ഇളമാട്, ഇട്ടിവ, കടയ്ക്കൽ, നിലമേൽ, വെളിനെല്ലൂർ പഞ്ചായത്തുകൾ.

**123. കുണ്ടറ:** കൊല്ലം താലൂക്കിലെ ഇളമ്പള്ളൂർ, കൊറ്റംകര, കുണ്ടറ, നെടുമ്പന, പേരയം, പെരിനാട്, തൃക്കോവിൽവട്ടം പഞ്ചായത്തുകൾ.

**124. കൊല്ലം:** കൊല്ലം താലൂക്കിലെ പനയം, തൃക്കടവൂർ, തൃക്കരുവ പഞ്ചായത്തുകൾ, കൊല്ലം കോർപറേഷൻ 6-13, 16-19, 42-48 വാർഡുകൾ.

**125. ഇരവിപുരം:** കൊല്ലം താലൂക്കിലെ കൊല്ലം കോർപറേഷൻ 14,15, 20-41 വാർഡുകൾ, മയ്യനാട് പഞ്ചായത്ത്.

**126. ചാത്തന്നൂർ:** കൊല്ലം താലൂക്കിലെ പരവൂർ മുനിസിപ്പാലിറ്റി, ആദിച്ചനല്ലൂർ, ചാത്തന്നൂർ, കല്ലുവാതുക്കൽ, പൂതക്കുളം, കൊട്ടാരക്കര താലൂക്കിലെ പൂയപ്പള്ളി പഞ്ചായത്തുകൾ.

**14. തിരുവനന്തപുരം ജില്ല (14)**

**127. വർക്കല:** ചിറയിൻകീഴ് താലൂക്കിലെ വർക്കല മുനിസിപ്പാലിറ്റി, ചെമ്മരുതി, ഇടവ, ഇലകമൺ, മടവൂർ, നാവായിക്കുളം, പള്ളിക്കൽ, വെട്ടൂർ പഞ്ചായത്തുകൾ.

**128. ആറ്റിങ്ങൽ (എസ്.സി):** ചിറയിൻകീഴ് താലൂക്കിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, ചെറുന്നിയൂർ, കരവാരം, കിളിമാനൂർ, മണമ്പൂർ, നഗരൂർ, ഒറ്റൂർ, പഴയകുന്നുമ്മേൽ, പുളിമാത്ത്, വക്കം പഞ്ചായത്തുകൾ.

**129. ചിറയിൻകീഴ് :** ചിറയിൻകീഴ് താലൂക്കിലെ അഞ്ചുതെങ്ങ്, അഴൂർ, ചിറയിൻകീഴ്, കടയ്ക്കാവൂർ, കിഴുവിലം, മുദാക്കൽ, തിരുവനന്തപുരം താലൂക്കിലെ കഠിനംകുളം, മംഗലാപുരം പഞ്ചായത്തുകൾ.

**130. നെടുമങ്ങാട്:** നെടുമങ്ങാട് താലൂക്കിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റി, മാണിക്കൽ, കരകുളം, തിരുവനന്തപുരം താലൂക്കിലെ അണ്ടൂർക്കോണം, പോത്തൻകോട്, വെമ്പായം പഞ്ചായത്തുകൾ.

**131. വാമനപുരം:** നെടുമങ്ങാട് താലൂക്കിലെ നെല്ലനാട്, പുല്ലമ്പാറ, വാമനപുരം, ആനാട്, കല്ലറ, നന്ദിയോട്, പനവൂർ, പാങ്ങോട്, പെരിങ്ങമ്മല പഞ്ചായത്തുകൾ.

**132. കഴക്കൂട്ടം:** തിരുവനന്തപുരം താലൂക്കിലെ കഴക്കൂട്ടം, ശ്രീകാര്യം പഞ്ചായത്തുകൾ, തിരുവനന്തപുരം കോർപറേഷൻ 1-12, 14, 76, 79, 81 വാർഡുകൾ.

**133. വട്ടിയൂർക്കാവ് (എസ്.സി):** തിരുവനന്തപുരം താലൂക്കിലെ തിരുവനന്തപുരം കോർപറേഷൻ 13, 15-25, 31-36 വാർഡുകൾ, കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ് പഞ്ചായത്തുകൾ.

**134. തിരുവനന്തപുരം:** തിരുവനന്തപുരം താലൂക്കിലെ തിരുവനന്തപുരം കോർപറേഷൻ 26-30, 40-47, 59, 60, 69-75, 77,78, 80 വാർഡുകൾ.

**135. നേമം:** തിരുവനന്തപുരം താലൂക്കിലെ തിരുവനന്തപുരം കോർപറേഷൻ 37-39, 48-58, 61-68 വാർഡുകൾ.

**136. അരുവിക്കര:** നെടുമങ്ങാട് താലൂക്കിലെ അരുവിക്കര, ആര്യനാട്, തൊളിക്കോട്, വിതുര, കുറ്റിച്ചൽ, പൂവച്ചൽ, വെള്ളനാട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾ.

**137. പാറശാല:** നെയ്യാറ്റിൻകര താലൂക്കിലെ അമ്പൂരി, ആര്യൻകോട്, കള്ളിക്കാട്, കൊല്ലയിൽ, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, പാറശാല, പെരുങ്കടവിള, വെള്ളറട പഞ്ചായത്തുകൾ.

**138. കാട്ടാക്കട:** നെയ്യാറ്റിൻകര താലൂക്കിലെ കാട്ടാക്കട, മലയിൻകീഴ്, മാറനല്ലൂർ, പള്ളിച്ചൽ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾ.

**139. കോവളം:** തിരുവനന്തപുരം താലൂക്കിലെ ബാലരാമപുരം, കല്ലിയൂർ, വെങ്ങാനൂർ, നെയ്യാറ്റിൻകര താലൂക്കിലെ ബാലരാമപുരം, കാഞ്ഞിരംകുളം, കരുംകുളം, കോട്ടുകാൽ, പൂവാർ, വിഴിഞ്ഞം പഞ്ചായത്തുകൾ.

**140. നെയ്യാറ്റിൻകര:** നെയ്യാറ്റിൻകര താലൂക്കിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, അതിയന്നൂർ, ചെങ്കൽ, കാരോട്, കുളത്തൂർ, തിരുപുറം പഞ്ചായത്തുകൾ.

■

## കേരളാ കോൺഗ്രസിന്റെ വളർച്ച തടയാൻ ആർക്കും കഴിയില്ല

### കെ.എം. മാണി

*(77-ൽ നിന്നു തുടർച്ച)*

ഇടതുമുന്നണിയിൽ നിന്ന് പി.ജെ.ജോസഫ് ബന്ധം വേർപെടുത്തിയത് അവിടെ വളർന്നുവന്ന ജനാധിപത്യവിരുദ്ധവും മുന്നണി മര്യാദയ്ക്ക് വിരുദ്ധവും ജനദ്രോഹകരവുമായ നടപടികൾ മൂലമാണ്.ആ പശ്ചാത്തലത്തിൽ മുന്നണി വിട്ടതിൽ ജനാധിപത്യ വിരുദ്ധമായോ ഭരണഘടനാ വിരുദ്ധമായോ ഒന്നുമില്ല.

പി.ജെ. ജോസഫിനെതിരായി സിപിഎം നേതാക്കൾ ഉന്നയിച്ച അഴിമതി ആരോപണവും തുടർന്നു പ്രഖ്യാപിച്ച വിജിലൻസ് അന്വേഷണവും സിപിഎമ്മിന്റെ രാഷ്ട്രീയ ധാർമികത എത്രത്തോളം അധഃപതിച്ചു എന്നതിന് തെളിവാണ്. രാഷ്ട്രീയമായി എതിർചേരിയിൽ നില്ക്കുന്നവരെ ഭരണസംവിധാനം ഉപയോഗിച്ച് അപകീർത്തിപ്പെടുത്തുകയും ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നത് കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ എക്കാലത്തെയും നിലപാടാണ്. ഇത്തരം ജനാധിപത്യധ്വംസനത്തിനും അധികാരദുർവിനിയോഗത്തിനും കേരളജനത തന്നെ സിപിഎമ്മിനും ഇടതുമുന്നണിക്കും തിരിച്ചടി നല്കും. ദുഷ്പ്രചരണങ്ങൾ കൊണ്ടൊന്നും കേരളാ കോൺഗ്രസിന്റെ ശക്തിപ്പെടലിനെ തടയുവാൻ ആർക്കും കഴിയുകയില്ല. ■

# ലോക കമ്യൂണിസത്തിന്റെ തകർച്ച

## ചരിത്രപരവും സൈദ്ധാന്തികവുമായ വിശകലനം


### കെ. എം. മാണി


*അധ്വാനവർഗ സിദ്ധാന്തം ആവിഷ്ക്കരിക്കാൻ കെ.എം.മാണിക്കു പ്രചോദനം നല്കിയ ലോകരാഷ്ട്രീയ പശ്ചാത്തലത്തെപ്പറ്റി പ്രവാചക സ്വഭാവമുള്ള സൂചനകൾ സിദ്ധാന്തം അവതരിപ്പിച്ചപ്പോൾ അദ്ദേഹം നല്കിയിരുന്നു. പില്ക്കാലത്ത് സോവ്യറ്റു യൂണിയന്റെ തകർച്ചയോടെ അതു യാഥാർത്ഥ്യമായി. അതിന്റെ വിശദാംശങ്ങളാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം.*

**മാ**ർക്സിന്റെ സാമ്പത്തിക ശാസ്ത്രവും രാഷ്ട്രീയ സിദ്ധാന്തവും ഒട്ടേറെ അപര്യാപ്തതകൾ ഉള്ളതാണെന്നും അതിലെ തെറ്റുകൾ തിരുത്തി പുനഃസംഘടനയ്ക്കു വിധേയമാകുന്നില്ലെങ്കിൽ മാർക്സിസത്തിന്റെ പ്രസക്തി നഷ്ടപ്പെടുമെന്നും 1978ൽ ഞാനവതരിപ്പിച്ച 'അധ്വാനവർഗസിദ്ധാന്ത'ത്തിൽ വ്യക്തമാക്കിയിരുന്നു. കാൽനൂറ്റാണ്ടുമുമ്പ് ഞാനവതരിപ്പിച്ച സിദ്ധാന്തം തികച്ചും യുക്തിഭദ്രമായിരുന്നെന്ന് ലോക കമ്യൂണിസ്റ്റു രാജ്യങ്ങളിൽ അതിനുശേഷം സംഭവിച്ചതും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ മാറ്റങ്ങൾ തെളിയിക്കുന്നു. 'നഷ്ടപ്പെടുവാൻ വിലങ്ങുകൾ മാത്രമാണെന്നും, കിട്ടാനുള്ളത് പുതിയൊരു ലോക'മാണെന്നും വാഗ്ദാനം ചെയ്തുകൊണ്ട് കടന്നുവന്ന കമ്യൂണിസത്തെ ഏതെങ്കിലും തരത്തിൽ ഉൾക്കൊള്ളാൻ ശ്രമിച്ച 33 ലോകരാജ്യങ്ങളിൽ നിന്നും ഇന്നത് ഏറെക്കുറെ പൂർണമായിത്തന്നെ പിന്തള്ളപ്പെട്ടിരിക്കുന്നു. 1989 ഒക്ടോബർ ഒന്നാം തീയതി ഞാനവതരിപ്പിച്ച 'മാർക്സിസ്റ്റു സാംസ്കാരിക തകർച്ചയും ജനാധിപത്യ പുനഃസംഘടനയും' എന്ന പ്രബന്ധത്തിൽ കമ്യൂണിസത്തിന്റെ അപചയത്തെ മുൻകൂട്ടികാണുകയും വിശകലനം ചെയ്യുകയും ചെയ്തിരുന്നു. കമ്യൂണിസത്തിനു വിവിധ രാജ്യങ്ങളിൽ വന്നുചേർന്ന മാറ്റങ്ങൾ വേറിട്ടെടുത്തു പരിശോധിക്കുന്നത് ഇത്തരുണത്തിൽ കൂടുതൽ പ്രസക്തമാണെന്നു കരുതുന്നു.

### ചരിത്രപശ്ചാത്തലം

1847ൽ ലണ്ടനിൽ കൂടിയ കമ്യൂണിസ്റ്റ് സമ്മേളനം ചുമതലപ്പെടുത്തിയതനുസരിച്ചാണ് മാർക്സും ഏംഗൽസും ചേർന്ന് 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യ്ക്കു രൂപം നല്കിയത്. 1848 മാർച്ചിൽ മാനിഫെസ്റ്റോപുറത്തുവന്നു. ഹെഗലിന്റെ വൈരുദ്ധ്യാത്മക ആശയവാദത്തിന്റെ അടിത്തറയിന്മേലാണ് മാർക്സ് തന്റെ വൈരുദ്ധ്യാത്മക ഭൗതികവാദം പടുത്തുയർത്തിയത്. 'എല്ലാ രാജ്യങ്ങളിലുമുള്ള തൊഴിലാളികളോട് സംഘടിക്കാനുള്ള' ആഹ്വാനമാണ് മാനിഫെസ്റ്റോയിൽ മുഴങ്ങിക്കേട്ടത്. കമ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിക്കുകയും മാർക്സിന്റെയും ഏംഗൽസിന്റെയും നേതൃത്വത്തിൽ അന്താരാഷ്ട്ര കമ്യൂണിസ്റ്റു പ്രസ്ഥാനം സ്ഥാപിതമാകുകയും ചെയ്തതോടെ രാജവാഴ്ചയ്ക്കും സ്വേച്ഛാധിപത്യത്തിനുമെതിരെ ലോകത്തിന്റെ പല ഭാഗങ്ങളിലും തൊഴിലാളിവർഗം സംഘടിച്ചു. വർഗസംഘട്ടനങ്ങളും തെരുവുയുദ്ധങ്ങളും അരങ്ങേറി. പല രാജ്യങ്ങളിലെയും ഭരണകൂടങ്ങൾ തകർക്കപ്പെടുകയും തൊഴിലാളിവർഗസർവാധിപത്യഭരണക്രമം തത്സ്ഥാനത്ത് ഉയർന്നു വരികയും ചെയ്തു.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുള്ള മൂന്നു പതിറ്റാണ്ട് ലോക കമ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ സുവർണകാലഘട്ടമായിരുന്നു. കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾ പല രാജ്യങ്ങളിലും നിലവിൽ വന്നത് ആ കാലഘട്ടത്തിലാണ്. സോവിയറ്റ് യൂണിയൻ, ചൈന, കിഴക്കൻ ജർമനി, ചെക്കോസ്ലോവാക്യ, ഹംഗറി, യുഗോസ്ലാവിയ, വിയറ്റ്നാം, അൽബേനിയ, ബൾഗേറിയ, ക്യൂബ, വടക്കൻ കൊറിയ, അംഗോളിയ, പോളണ്ട്, റോമാനിയ എന്നിങ്ങനെ നിരവധി രാജ്യങ്ങളിൽ കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾ നിലവിൽ വന്നു. യൂറോപ്പിലും ഏഷ്യയിലും ആഫ്രിക്കയിലുമുള്ള പല രാജ്യങ്ങളിലും കമ്യൂണിസ്റ്റുപാർട്ടി ശക്തി ആർജിച്ചു. മുതലാളിത്ത രാജ്യമായ ബ്രിട്ടൻ, അമേരിക്ക എന്നിവിടങ്ങളിൽപോലും പാർട്ടിഘടകങ്ങൾ രൂപീകരിക്കപ്പെട്ടു.

'പുതിയ ആകാശവും പുതിയ ഭൂമിയും' വാഗ്ദാനം ചെയ്തുകൊണ്ട് കടന്നുവന്ന കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾക്ക് ഏറെക്കാലം പിടിച്ചുനില്ക്കാനായില്ല. ലോക കമ്യൂണിസത്തിന്റെ പരാജയവും പതനവും 1980കളിൽ തന്നെ ആരംഭിച്ചു. പ്രത്യയശാസ്ത്രപരമായ വൈരുദ്ധ്യം കൊണ്ടും അവ പ്രാവർത്തികമാക്കിയതിൽ വന്നുചേർന്ന പാളിച്ചകൾകൊണ്ടും മിക്ക കമ്യൂണിസ്റ്റ് ഗവൺമെണ്ടുകളും പരാജയപ്പെട്ടു. കമ്യൂണിസ്റ്റ് ഭരണം നിലവിലിരുന്ന രാജ്യങ്ങളിൽ അരങ്ങേറിയ അടിച്ചമർത്തൽ ഭരണവും മനുഷ്യാവകാശധ്വംസനങ്ങളും ആ ഭരണകൂടങ്ങളുടെ പതനത്തിന്റെ ആക്കം വർധിപ്പിച്ചു.

തൊഴിലാളിവർഗ സർവാധിപത്യഭരണത്തിനുപകരം പാർട്ടിസ്വേച്ഛാധിപത്യഭരണമാണു പല കമ്യൂണിസ്റ്റു രാജ്യങ്ങളിലും നടമാടിയത്. ജനങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യത്തെയും സംഘടിക്കുവാനുള്ള അവകാശത്തെയും ഹനിച്ചുകൊണ്ടുള്ള ഭീകര ഭരണത്തിൻകീഴിൽ ജനങ്ങൾ വീർപ്പുമുട്ടി. പല രാജ്യങ്ങളിലും വളർന്നുവന്ന പട്ടിണിയും തൊഴിലില്ലായ്മയും വളർച്ചാമുരടിപ്പും എല്ലാം ജനങ്ങളെ അസംതൃപ്തിയിലേക്കും അസ്വസ്ഥതകളിലേക്കും നയിച്ചു. കമ്യൂണിസ്റ്റു ഭരണത്തിനെതിരെ അവിടവിടെ ഒറ്റപ്പെട്ട കലാപങ്ങളും സമരങ്ങളും ഉയർന്നുവന്നു. ഭരണത്തിനെതിരെ നടന്ന ആഭ്യന്തര കലാപങ്ങൾ

എല്ലാം ക്രൂരമായി അടിച്ചമർത്തപ്പെട്ടു. മൃഗീയ മർദനങ്ങളും കൊലപാതകങ്ങളും പല രാജ്യങ്ങളിലും അരങ്ങേറി. പത്രങ്ങളുടെ വായ്മൂടിക്കെട്ടുകയും സാഹിത്യകാരന്മാരെ നാടുകടത്തുകയും ചെയ്തു. എന്നാൽ, ഭരണത്തിന്റെ ഇരുമ്പുമറയ്ക്കുള്ളിൽ സത്യം ഏറെക്കാലം മൂടിവയ്ക്കാൻ കമ്യൂണിസ്റ്റുഭരണകൂടങ്ങൾക്കായില്ല.

ജനാധിപത്യ പുനഃസ്ഥാപനത്തിനുവേണ്ടി കമ്യൂണിസ്റ്റു രാജ്യങ്ങളിൽ നടന്നിരുന്ന സമരകഥകൾ പുറംലോകം അറിഞ്ഞു തുടങ്ങി. 'മധുരമനോജ്ഞം' എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ നടമാടിയിരുന്ന ദാരിദ്ര്യത്തിന്റെ ഞെട്ടിക്കുന്ന കഥകൾ ലോകമെമ്പാടും ചർച്ചാവിഷയമാകുകയും ചെയ്തു.

ലോകത്തിലെ മുതലാളിത്ത രാജ്യങ്ങൾ കൈവരിച്ച ദാരിദ്ര്യനിർമാർജനവും സാമ്പത്തിക ഭദ്രതയും ഉയർന്ന ജീവിതനിലവാരവും വിപുലമായ വ്യവസായ വികസനവും വ്യാപകമായ തൊഴിൽ സാധ്യതകളും ഗണ്യമായ നിക്ഷേപങ്ങളും സമ്പാദ്യമിച്ചവും എല്ലാം കമ്യൂണിസ്റ്റു ഭരണകൂടങ്ങളെ ഒരു പുനർവിചിന്തനത്തിനു പ്രേരിപ്പിച്ചു. സോവിയറ്റുയൂണിയന്റെ പതനം ലോക കമ്യൂണിസ്റ്റു പ്രസ്ഥാനത്തന്റെ അടിത്തറ ഇളക്കി. തൊണ്ണൂറുകളുടെ അവസാനത്തോടെ ലോകത്തിലെ ഒട്ടുമിക്ക കമ്യൂണിസ്റ്റു ഭരണകൂടങ്ങളും നിലംപൊത്തി. പല കമ്യൂണിസ്റ്റു രാജ്യങ്ങളും മാർക്സിയൻ സോഷ്യലിസത്തെ തള്ളിക്കളഞ്ഞ് ജനാധിപത്യ ഭരണക്രമത്തിലേക്കു ചുവടുവച്ചു.

**സോവിയറ്റ് യൂണിയൻ**

ലോകചരിത്രത്തിലാദ്യമായി സോവിയറ്റു യൂണിയനിലാണ് കമ്യൂണിസ്റ്റു ഭരണം നിലവിൽ വന്നത്. 1869ൽ 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ' റഷ്യൻ ഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. ലെനിന്റെ നേതൃത്വം റഷ്യൻ കമ്യൂണിസ്റ്റു പാർട്ടിയെ ശക്തിപ്പെടുത്തി. 1917 ഒക്ടോബറിൽ സാർ ചക്രവർത്തിമാരുടെ ഭരണത്തിനെതിരെ നടത്തിയ വിപ്ലവത്തിലൂടെ റഷ്യയിൽ കമ്യൂണിസ്റ്റു പാർട്ടി അധികാരത്തിൽ വന്നു. 1925ൽ ലെനിൻ മരിക്കുകയും സ്റ്റാലിൻ അധികാരത്തിൽ വരുകയും ചെയ്തു. ഒരു സ്വേച്ഛാധിപതിയായിരുന്ന സ്റ്റാലിൻ വിമർശകരെ നിഷ്കരുണം കൊന്നൊടുക്കി. തൊഴിലാളിവർഗ സർവാധിപത്യത്തിനു പകരം ഭരണവർഗ സ്വേച്ഛാധിപത്യം നിലവിലിരുന്ന റഷ്യയിൽ അഴിമതിയും ദാരിദ്ര്യവും നടമാടി. ഭക്ഷണത്തിനു വേണ്ടി ഡിപ്പാർട്ടുമെണ്ടു സ്റ്റോറുകളുടെ മുമ്പിൽ ഉണ്ടായിക്കൊണ്ടിരുന്ന നീണ്ട ക്യൂ മാത്രമായിരുന്നു കമ്യൂണിസ്റ്റു ഭരണം റഷ്യയ്ക്കു സമ്മാനിച്ചത്.

ഉത്പാദനോപകരണങ്ങളും വിതരണോപാധികളും വിനിമയ മാധ്യമങ്ങളും സാമൂഹ്യവത്കരിക്കുകയും സ്വത്തു മുഴുവൻ ദേശസാൽകരിച്ച് സ്റ്റേറ്റിന്റെ ഉടമസ്ഥതയിൽ ആക്കുകയുമാണ് മാർക്സിന്റെ സാമ്പത്തിക സിദ്ധാന്തത്തിന്റെ കാതൽ. ഗവൺമെണ്ടിന്റെ പൂർണമായ നിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയാണ് അതിന്റെ മുഖമുദ്ര. ദീർഘകാലം അപ്രകാരം ഒരു വ്യവസ്ഥിതി പരീക്ഷിച്ചുനോക്കിയിട്ടും സോവ്യറ്റ് റഷ്യയ്ക്ക് സാമ്പത്തികമായി മുന്നേറാൻ കഴിഞ്ഞില്ല. തന്മൂലം അവർ പുത്തൻ പരീക്ഷണങ്ങൾക്കു തയ്യാറായി. സ്വകാര്യസ്വത്തും സ്വകാര്യസമ്പാദ്യവും അവിടെ അനുവദിക്കപ്പെട്ടു. ദേശസാൽകരണത്തിന്റെയും കമാൻഡ് ഇക്കോണമിയുടെയും ഫലമായി മരവിപ്പു ബാധിച്ച സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിലേക്ക് എല്ലാ രംഗത്തും സമഗ്രമായ ഒരു പുനഃസംഘടനയ്ക്ക് സോവിയറ്റു യൂണിയൻ നിർബന്ധിതമായി. അതിന്റെ ഭാഗമായി കാർഷികമേഖലയിൽ ഒരു അഴിച്ചുപണിക്ക് അവർ തുടക്കമിട്ടു. ഉത്പാദന ഔത്സുക്യം വർധിപ്പിക്കുവാൻ കൃഷി സ്ഥലങ്ങൾ കർഷകർക്കു വിതരണം ചെയ്യുകയും അതിൽ കൃഷിചെയ്യാൻ അവരെ അനുവദിക്കുകയും ചെയ്തു. ഉത്പാദിപ്പിക്കപ്പെടുന്ന വിഭവങ്ങളിൽ ഒരു വീതം സ്റ്റേറ്റിനു പങ്കിട്ട ശേഷം ബാക്കിയുള്ളവ സ്വതന്ത്രവിപണിയിൽ വില്ക്കുന്നതിന് അവർക്കു സ്വാതന്ത്ര്യം നല്കി. സ്വകാര്യസ്വത്തുടമകളായ ചെറുകിടക്കാർ പെറ്റിബൂർഷ്വകളാണെന്ന കമ്യൂണിസ്റ്റു മാനിഫെസ്റ്റോയിലെ സങ്കല്പം അബദ്ധമാണെന്നും അക്കൂട്ടർ യഥാർത്ഥത്തിൽ അധ്വാനവർഗമാണെന്നുമുള്ള അധ്വാനവർഗസിദ്ധാന്തത്തിലെ വാദഗതികളുടെ പ്രസക്തി സോവിയറ്റ് റഷ്യയിൽ നടന്ന മാറ്റങ്ങൾ തെളിയിച്ചിരിക്കുന്നു.

തൊഴിലാളിവർഗ സർവാധിപത്യമാണ് മാർക്സിസത്തിന്റെ രാഷ്ട്രീയ ലക്ഷ്യം. പക്ഷേ, റഷ്യ ഉൾപ്പെടെയുള്ള ലോക കമ്യൂണിസ്റ്റ് രാജ്യങ്ങളിലെല്ലാം നിലവിൽ വന്നത് കമ്യൂണിസ്റ്റു പാർട്ടിയുടെ സ്വേച്ഛാധിപത്യഭരണമായിരുന്നു. അത്തരം ഒരു വ്യവസ്ഥിതിയിൽ മനുഷ്യവ്യക്തിത്വം മരവിക്കുകയും പുരോഗതി തടസ്സപ്പെടുകയും ചെയ്തു. അതിൽ അത്ഭുതത്തിന് അവകാശമില്ല. ഒരു സ്വേച്ഛാധിപത്യവ്യവസ്ഥിതിയിൽ യഥാർത്ഥ സോഷ്യലിസം കൈവരുത്തുവാൻ കഴിയുകയില്ലെന്നും ജനാധിപത്യവത്കരണത്തിലൂടെ അല്ലാതെ കമ്യൂണിസത്തിനു നിലനില്ക്കുവാൻ സാധ്യമല്ലെന്നും 1978ലെ 'അധ്വാനവർഗസിദ്ധാന്ത'ത്തിൽ ഞാൻ വ്യക്തിമാക്കിയിരുന്നു. പില്ക്കാലത്ത് ഗോർബച്ചോവ് അവതരിപ്പിച്ച 'പെരിസ്ട്രോയിക്ക', 'ഗ്ലാസ്നോസ്റ്റ്' എന്നിവ ഈ ആശയങ്ങളെ കൂടുതൽ ബലപ്പെടുത്തുകയാണു ചെയ്തിരിക്കുന്നത്.

കമ്യൂണിസത്തിന് ഒരു ജനാധിപത്യസ്വഭാവം പകരുകയാണ് ഗോർബച്ചോവ് ചെയ്തത്. തുറന്ന ചർച്ചയ്ക്കും അഭിപ്രായ പ്രകടനത്തിനും 'ഗ്ലാസ്നോസ്റ്റ്' അവസരം നല്കി. സോവിയറ്റ് യൂണിയന്റെ ചരിത്രത്തിലാദ്യമായി ജനാധിപത്യ അവകാശങ്ങൾക്ക് അംഗീകാരം കിട്ടി. ഒരു പുതിയ മാറ്റത്തിന് ഇതു നാന്ദികുറിച്ചു. കമ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തിന്റെ ഉരുക്കുമുഷ്ടിയിൽ നിന്ന് സോവിയറ്റ് യൂണിയനിലെ ജനങ്ങൾ വിമുക്തി നേടി. ഇരുമ്പുമറയ്ക്കു വെളിയിൽവന്നു പ്രകാശം കാണുവാൻ തുടങ്ങിയ ഒരു ജനതയുടെ, ഇക്കാലമത്രയും അടിച്ചമർത്തപ്പെട്ടിരുന്ന വികാരങ്ങൾ അണപൊട്ടി ഒഴുകാൻ തുടങ്ങി. 'പെരിസ്ട്രോയിക്ക'യും 'ഗ്ലാസ്നോസ്റ്റും' തുറന്നുവിട്ട മാറ്റത്തിന്റെ കാറ്റ് സോവിയറ്റുയൂണിയനെ അമ്പേ പിടിച്ചുലച്ചു. ഇതിന്റെ ഫലമായി എഴുപതു സംവത്സരക്കാലത്തെ കമ്യൂണിസ്റ്റ് ഏകാധിപത്യഭരണം സോവിയറ്റുയൂണിയനിൽ തകർന്നുവീണു.

സോവിയറ്റുയൂണിയൻ സമൂല മാറ്റത്തിനു വിധേയമായി. സ്വേച്ഛാധിപത്യഭരണത്തിന്റെ സ്ഥാനത്ത് ജനാധിപത്യഭരണം സ്ഥാപിക്കപ്പെട്ടു. കേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയുടെ സ്ഥാനത്ത് കമ്പോളവ്യവസ്ഥ നിലവിൽ വന്നു.

സാമ്പത്തിക സാമൂഹ്യവത്ക്കരണത്തിന്റെ സ്ഥാനത്ത് സ്വകാര്യ സ്വത്തവകാശം പ്രാബല്യത്തിൽ വന്നു. 1991 ഡിസംബർ 31ന് സോവിയറ്റു യൂണിയൻ എന്ന രാഷ്ട്രം ഇല്ലാതായി. തൽസ്ഥാനത്ത് റഷ്യ, അർമേനിയ, അസർബൈജാൻ, ബിലാറസ്, ജോർജിയ, കസാക്കിസ്ഥാൻ, കിർഗിസ്ഥാൻ, ലിത്വാനിയാ, ലാത്വിയ, എസ്തോണിയ, മോൾഡോവാ, താജകിസ്ഥാൻ, തുർക്മെനിസ്ഥാൻ, യുക്രെയ്ൻ, ഉസ്ബക്കിസ്ഥാൻ എന്നീ 15 സ്വതന്ത്ര രാജ്യങ്ങൾ നിലവിൽ വരുകയും ചെയ്തു.

### ഹംഗറി

സോവിയറ്റു യൂണിയൻ തുടങ്ങിവച്ച ജനാധിപത്യവത്കരണ പ്രക്രിയയുടെ അലയടികൾ ലോകമെമ്പാടുമുള്ള കമ്യൂണിസ്റ്റ് രാജ്യങ്ങളിലേക്കും വ്യാപിച്ചു. ഹംഗറിയിൽ നടന്ന ജനകീയമുന്നേറ്റം ഇതിനുദാഹരണമാണ്. 1918 ഒക്ടോബർ അവസാനത്തോടെയാണ് ഹംഗറിയിൽ രാജവാഴ്ച അവസാനിപ്പിച്ചുകൊണ്ട് കമ്യൂണിസ്റ്റു പാർട്ടിക്കുകൂടി പങ്കാളിത്തമുള്ള ഗവൺമെണ്ട് അധികാരത്തിൽ വന്നത്. 1949 ആഗസ്റ്റിൽ ഹംഗറിയെ ഒരു 'ജനകീയ റിപ്പബ്ലിക്കായി' പ്രഖ്യാപിച്ചു. സോവിയറ്റുയൂണിയന്റെ ഒരു ഉപഗ്രഹ രാജ്യമായിത്തീർന്ന ഹംഗറിയെ സോവിയറ്റ് മേധാവിത്വത്തിൽ നിന്നും മോചിപ്പിക്കുന്നതിനു വേണ്ടി 1956ൽ ഒരു പ്രക്ഷോഭം നടന്നു. ഹംഗറിയിലെ അന്നത്തെ പ്രധാനമന്ത്രി ഇമ്രീനാഗിയായിരുന്നു പ്രക്ഷോഭണത്തിനു നേതൃത്വം നല്കിയത്. പക്ഷേ, ആ ജനകീയ സമരത്തെ പ്രതിവിപ്ലവം എന്നു ചിത്രീകരിച്ചുകൊണ്ട് സോവിയറ്റു റഷ്യ നിർദയം അടിച്ചമർത്തി. അനേകായിരം ജനങ്ങളെ വെടിവച്ചു കൊന്നു. പ്രധാനമന്ത്രി ഇമ്രീനാഗിയെ രാജ്യദ്രോഹകുറ്റം ചുമത്തി തൂക്കിക്കൊന്നു. എന്നാൽ ഹംഗേറിയൻ ജനതയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ കെട്ടടങ്ങിയില്ല. 1990ൽ ഹംഗേറിയൻ കമ്യൂണിസ്റ്റു പാർട്ടി ഇമ്രീനാഗിയെ ദേശാഭിമാനി ആയി ആദരിക്കുകയും അന്നത്തെ വിപ്ലവം ഒരു ജനകീയ പ്രക്ഷോഭമായിരുന്നുവെന്ന് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു.

1966 മുതൽ ഹംഗറിയിൽ ഉദാരവത്ക്കരണ നടപടികൾ ആരംഭിച്ചു. വ്യവസായങ്ങളുടെമേലുള്ള നിയന്ത്രണം പരിമിതപ്പെടുത്തുകയും വ്യവസായങ്ങളെ വികേന്ദ്രീകരിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 1975 മുതൽ വിദേശ കമ്പോളവുമായി ബന്ധപ്പെടുകയും വ്യാപാര-വാണിജ്യശാലകളിന്മേലുള്ള നിയന്ത്രണങ്ങൾക്ക് അയവു വരുത്തുകയും ചെയ്തു. 1982ൽ ഹംഗറിയിൽ സ്വകാര്യ സ്ഥാപനങ്ങൾ അംഗീകരിക്കപ്പെട്ടു. സോവിയറ്റുയൂണിയന്റെ പതനത്തോടെ ഹംഗറി സ്വതന്ത്രമായി. 1947ൽ സോവിയറ്റ് കമ്യൂണിസ്റ്റ് ആധിപത്യത്തിനു കീഴടങ്ങിയതിനു ശേഷം സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കാത്ത ഹംഗറി ജനാധിപത്യത്തിന്റെ പാതയിലൂടെ സഞ്ചരിച്ച് ലോകകമ്പോളവ്യവസ്ഥയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു.

### പോളണ്ട്

യൂറോപ്പിലെ മറ്റൊരു കമ്യൂണിസ്റ്റു രാജ്യമായ പോളണ്ടിൽ ഉണ്ടായിരിക്കുന്ന രാഷ്ട്രീയ മാറ്റങ്ങൾ വളരെ ശ്രദ്ധേയമാണ്. 1935ൽ തന്നെ പോളണ്ടിൽ കമ്യൂണിസ്റ്റ് പാർട്ടിക്ക് നല്ല സ്വാധീനമുണ്ടായിരുന്നു. 1945 ജൂൺ 26ന് പോളണ്ടിൽ കമ്യൂണിസ്റ്റ് പാർട്ടിക്കു മുൻതൂക്കമുള്ള ദേശീയ ഐക്യഗവൺമെണ്ട് രൂപീകരിച്ചു. 1952 ജൂലൈയിൽ പോളണ്ടിനെ ഒരു 'ജനാധിപത്യരാജ്യ'മാക്കുന്ന പുതിയ ഭരണഘടന അംഗീകരിച്ചു. എന്നാൽ, അവിടുത്തെ തൊഴിലാളി സംഘടനകൾ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരം ആരംഭിച്ചു. ലേ വലേസയുടെ നേതൃത്വത്തിൽ സ്വാന്ത്യത്തിനുവേണ്ടി ദീർഘകാലം നടന്ന ധീരമായ ആ പ്രക്ഷോഭണ പരിപാടികളുടെ അന്ത്യത്തിൽ പോളിഷ് കമ്യൂണിസ്റ്റ് ഗവൺമെണ്ടിന് തൊഴിലാളികളുടെ സംഘടിത ശക്തിക്കു മുമ്പിൽ മുട്ടുമടക്കേണ്ടി വന്നു. പാർലമെണ്ടിലേക്കു സ്വതന്ത്ര തെരഞ്ഞെടുപ്പു നടത്താൻ കമ്യൂണിസ്റ്റ് ഗവൺമെണ്ട് തയ്യാറായി.

സ്റ്റാലിന്റെ മരണത്തെ തുടർന്ന് മറ്റു കമ്യൂണിസ്റ്റ് രാജ്യങ്ങളിലെന്നപോലെ പോളണ്ടിലും വലിയ മാറ്റങ്ങൾ ഉണ്ടായി. പോളണ്ട് ജനാധിപത്യത്തിലേക്കു ചുവടുമാറി. 1986ൽ പോളണ്ട് ഐ.എം.എഫിൽ മെമ്പറാവുകയും പാശ്ചാത്യ രാജ്യങ്ങളോട് കൂടുതൽ അടുക്കുകയും ചെയ്തു. സ്വകാര്യമേഖലയെ ഗവൺമെണ്ട് പ്രോത്സാഹിപ്പിക്കാൻ തുടങ്ങി. 1990ലെ ഇലക്ഷനിൽ ലേ വലേസയുടെ നേതൃത്വത്തിൽ ഒരു സമ്പൂർണ ജനാധിപത്യ ഗവൺമെണ്ട് രൂപീകൃതമായി. അങ്ങനെ മാർക്സിയൻ സോഷ്യലിസത്തിന്റെ പാതവിട്ട് പോളണ്ടും ജനാധിപത്യത്തിന്റെ പാതയിൽ എത്തിച്ചേർന്നു.

### ചെക്കോസ്ലോവാക്യ

1917ലെ റഷ്യൻ വിപ്ലവത്തിൽനിന്ന് ആവേശം ഉൾക്കൊണ്ട ചെക്കോസ്ലോവാക്യയിലെ തൊഴിലാളി വർഗം നടത്തിയ പ്രക്ഷോഭങ്ങളെത്തുടർന്ന് 1918ൽ ചെക്കോസ്ലോവാക്യൻ റിപ്പബ്ലിക്ക് നിലവിൽ വന്നു. 1946ൽ കമ്യൂണിസ്റ്റു പാർട്ടി ചെക്കോസ്ലോവാക്യയുടെ ഭരണാധികാരം പിടിച്ചെടുത്തു. ഭരണാധികാരികളുടെ സ്റ്റാലിനിസ്റ്റ് സമീപനത്തിനും സോവിയറ്റ് യൂണിയന്റെ ആധിപത്യ പ്രവണതയ്ക്കുമെതിരെ ചെക്കോസ്ലോവാക്യയിലെ ജനങ്ങൾക്കിടയിൽ ഇടയ്ക്കിടെ അസ്വസ്ഥതകൾ തലപൊക്കിയിരുന്നു. ജനങ്ങളുടെ സ്വാതന്ത്ര്യവാഞ്ഛയുടെ ഫലമായി അധികാരത്തിൽ വന്ന അലക്സാണ്ടർ ഡ്യൂബ്ചെക് സോഷ്യലിസത്തിന് ഒരു മാനുഷികമുഖം നല്കാൻ ഉദ്ദേശിച്ചുകൊണ്ട് സാമ്പത്തിക- കാർഷികമേഖലകളിൽ ചില പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി. കൃഷി ആധുനികവത്കരിക്കുകയും ഫാക്ടറികൾ തൊഴിലാളികൾക്കു കൈമാറുകയും ചെയ്തു. ജനാധിപത്യ സോഷ്യലിസത്തിലൂടെ സാമ്പത്തിക പുരോഗതി കൈവരിക്കാനുള്ള ഈ നീക്കം സോവിയറ്റ് അധികാരികൾക്കു സ്വീകാര്യമായില്ല.

1968 ആഗസ്റ്റിൽ സോവിയറ്റു സൈന്യം ചെക്കോസ്ലോവാക്യയുടെ നിയന്ത്രണം ഏറ്റെടുക്കുകയും ഡ്യൂബ്ചെക്കിനെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. 'പ്രാഗ് വസന്ത'മെന്ന് പില്ക്കാലത്ത് വിശേഷിപ്പിക്കപ്പെട്ട ഡ്യൂബ്ചെക്കിന്റെ പരിഷ്ക്കരണ സംരംഭങ്ങൾ അങ്ങനെ താത്കാലികമായി പരാജയപ്പെട്ടു. പില്ക്കാലത്ത് ഗോർബച്ചോവ് കൊണ്ടുവന്ന മാറ്റത്തിന്റെ കാറ്റ് ചെക്കോസ്ലോവാക്യയിലും ആഞ്ഞുവീശി. 1989 ഡിസംബറിൽ ചെക്കോസ്ലോവാക്യയിൽ ജനാധിപത്യഭരണം പുനഃസ്ഥാപിക്കപ്പെട്ടു. സമാധാനപരമായ അധികാരകൈമാറ്റം 'വെൽവറ്റ് വിപ്ലവം' എന്ന പേരിൽ അറിയപ്പെടുന്നു. എന്നാൽ,

തുടർന്നുണ്ടായ ആഭ്യന്തര പ്രക്ഷോഭങ്ങളെ തുടർന്ന് 1993 ജനുവരി ഒന്നാം തീയതി ചെക്കോസ്ലോവാക്യ 'ചെക്' എന്നും 'സ്ലോവാക്യ' എന്നും പേരുള്ള രണ്ട് ജനാധിപത്യറിപ്പബ്ലിക്കുകളായി വിഭജിക്കപ്പെട്ടു.

### പൂർവജർമനി

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം നടന്ന 'പോട്ട്സ് ഡാം' ഉടമ്പടി പ്രകാരം 1949 മെയ് 23-ാം തീയതി ജർമനി രണ്ടായി വിഭജിക്കപ്പെട്ടു. പശ്ചിമജർമനിയിൽ ജനാധിപത്യഭരണക്രമം നടപ്പിലായപ്പോൾ പൂർവജർമനിയിൽ സോഷ്യലിസ്റ്റു ഭരണക്രമം നിലവിൽവന്നു. 1949 ഒക്ടോബർ 7ന് പൂർവജർമനിയുടെ പേര് 'ജർമൻ ഡമോക്രാറ്റിക് റിപ്പബ്ലിക്ക്' എന്നാക്കി. "തൊഴിലാളികളുടെയും കർഷകരുടെയും സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്" എന്ന് ഭരണഘടനയിൽ എഴുതിച്ചേർക്കുകയും ചെയ്തു. എന്നാൽ, സ്വാതന്ത്ര്യപ്രേമികളായ കിഴക്കൻ ജർമനിക്കാർ പടിഞ്ഞാറൻ ജർമനിയിലേക്ക് ഒഴുകിത്തുടങ്ങി. ആ പ്രവാഹത്തെ തടയുവാൻ 1961ൽ കിഴക്കൻ ജർമനിയുടെ അതിർത്തിയിൽ ബർലിൻ മതിൽ നിർമിച്ചു.

സോവ്യറ്റു യൂണിയനിൽ ഉണ്ടായ ഭരണമാറ്റത്തിനു മുമ്പുതന്നെ പൂർവജർമനിയിലും മാറ്റങ്ങൾ ആരംഭിച്ചു. പട്ടിണിയും തൊഴിലില്ലായ്മയും മൂലം ജീവിതം ദുസ്സഹമായപ്പോൾ സ്വാതന്ത്ര്യത്തിനു വേണ്ടി പ്രക്ഷോഭം നടത്തുന്നതിനു പകരം ജനങ്ങൾ സ്വതന്ത്രരാജ്യമായ പശ്ചിമജർമനിയിലേക്ക് വീണ്ടും കൂട്ടംകൂട്ടമായി പലായനം ചെയ്തു. നിലയ്ക്കാത്ത ഈ പ്രവാഹം രാഷ്ട്രീയരംഗത്ത് പരിഷ്ക്കാരങ്ങൾ കൊണ്ടുവരാനും ജനാധിപത്യ അവകാശങ്ങൾ കുറെയെങ്കിലും അനുവദിച്ചുകൊടുക്കാനും കിഴക്കൻ ജർമനിയെ നിർബന്ധിതമാക്കി. എൺപതുകളുടെ അന്ത്യത്തോടെ ലോകരാജ്യങ്ങളിലാകെ കമ്യൂണിസ്റ്റുഭരണകൂടങ്ങൾ നിലംപതിച്ചുകൊണ്ടിരുന്നതിന്റെ ഭാഗമായി പൂർവജർമനിയിലും മാറ്റങ്ങൾ വന്നു. 1989 ഒക്ടോബർ 18ന് ജർമനിയിൽ കമ്യൂണിസ്റ്റു ഭരണം അവസാനിച്ചു. ഏകാധിപതിയായിരുന്ന എറിക് ഹോണേക്കർക്ക് രാജ്യംവിട്ട് ഓടേണ്ടിവന്നു. 1990 ഒക്ടോബർ 3ന് രണ്ടു ജർമനികളും ഏകീകരിച്ച് 'ഫെഡറൽ റിപ്പബ്ലിക്ക് ഓഫ് ജർമനി' രൂപീകൃതമായി. അങ്ങനെ നാലു പതിറ്റാണ്ടുകാലം നീണ്ടു നിന്ന കമ്യൂണിസ്റ്റു ഭരണം പൂർവജർമനിയിൽ തകർന്നുവീണു.

### റൊമാനിയ

1947ലാണു റൊമാനിയായിൽ കമ്യൂണിസ്റ്റുഭരണം നിലവിൽ വന്നത്. രണ്ടാം ലോകമഹായുദ്ധത്തിൽ ജർമനിയോടൊപ്പം നിന്ന റൊമാനിയ യുദ്ധം അവസാനിച്ചപ്പോൾ സോവ്യറ്റു ചെമ്പടയുടെ നിയന്ത്രണത്തിലായി. 1947 ഡിസംബർ 30ന് മൈക്കിൾ ഒന്നാമൻ രാജാവ് സ്ഥാനത്യാഗം ചെയ്യാൻ നിർബന്ധിതനാവുകയും സോവ്യറ്റ് യൂണിയൻ ഗെയോർഗ്യുദേയിയുടെ നേതൃത്വത്തിൽ ഒരു കമ്യൂണിസ്റ്റു ഭരണക്രമം സ്ഥാപിക്കുകയും ചെയ്തു. രാജ്യം കമ്യൂണിസ്റ്റു പീപ്പിൾസ് റിപ്പബ്ലിക്ക് ആയി. ഗെയോർഗ്യുദേയി അതിക്രൂരമായ സമീപനമാണു രാഷ്ട്രീയ എതിരാളികളോട് സ്വീകരിച്ചത്. പീഡിപ്പിച്ചും ജയിലിലടച്ചും വധിച്ചും പ്രതിപക്ഷത്തെ അദ്ദേഹം തുടച്ചുനീക്കി. പത്രങ്ങൾക്കും ഇതരവാർത്താമാധ്യമങ്ങൾക്കും സെൻസർഷിപ്പ് ഏർപ്പെടുത്തി. സ്വകാര്യസ്വത്തവകാശം എടുത്തുകളഞ്ഞു. വ്യവസായങ്ങളും കൃഷിയിടങ്ങളും ദേശസാത്കരിച്ചു. സ്റ്റാലിന്റെ ശുദ്ധീകരണതന്ത്രങ്ങൾ മാതൃകയാക്കി പാർട്ടിക്കുള്ളിലെ വിമതരെയും ഇല്ലായ്മ ചെയ്തു.

1965ൽ ദേയി അന്തരിച്ചപ്പോൾ നിക്കൊളെ ചെഷെസ്ക്യൂ പിൻഗാമിയായി അധികാരമേറ്റു. പൂർണമായ ജനാധിപത്യധ്വംസനവും അധികാരദുരുപയോഗവും സാമ്പത്തിക ധൂർത്തും മൂലം ജനങ്ങൾക്കിടയിൽ അതൃപ്തി വളർന്നു. ചെഷെസ്ക്യുവിന്റെ കുടുംബാംഗങ്ങളും അധികാരത്തിൽ കൈകടത്തി. രാജ്യത്തിന്റെ സാമ്പത്തികനില പാടേ തകർന്നു. വിദേശ കടങ്ങൾ അടച്ചുതീർക്കാൻ പോലും വയ്യാതായി. രാജ്യത്തു നിർബന്ധിത റേഷനിംഗ് ഏർപ്പെടുത്തി. അധികാരഭ്രമം മനോരോഗമായി മാറിയപ്പോൾ ചെഷെസ്ക്യു രാജ്യത്തെ സ്വകാര്യ ടൈപ്പ്റൈറ്ററുകൾ പോലും പിടിച്ചെടുത്തു, ആരും പുറത്തേക്ക് പരാതികൾ അയയ്ക്കാതിരിക്കാൻ വേണ്ടി!

സോവ്യറ്റു യൂണിയന്റെ പതനത്തെ തുടർന്ന് റൊമാനിയായിലും ജനകീയപ്രക്ഷോഭങ്ങൾ ശക്തമായി. 1989 ഡിസംബറിൽ ചെഷെസ്ക്യു അധികാരത്തിൽ നിന്നു നിഷ്കാസിതനായി. ആ വർഷം റൊമാനിയൻ ജനത ക്രിസ്തുമസ് ദിനം ആഘോഷിച്ചത് ചെഷെസ്ക്യുവിനെ വെടിവച്ചുകൊന്നുകൊണ്ടായിരുന്നു. തുടർന്നു തെരഞ്ഞെടുപ്പു നടക്കുകയും റൊമാനിയ ജനാധിപത്യത്തിന്റെ പാതയിലേക്കു മടങ്ങി വരികയും ചെയ്തു.

1985ൽ കമ്യൂണിസ്റ്റു നേതാവായ ടിറ്റോ യൂഗോസ്ലോവിയയിൽ അധികാരത്തിൽ വന്നു. നീണ്ട 45 വർഷത്തെ കമ്യൂണിസ്റ്റ് ഭരണത്തിനുശേഷം 1990ൽ യൂഗോസ്ലോവിയയിൽ ജനാധിപത്യഭരണകൂടം സ്ഥാപിതമായി. പിന്നീട് സ്ലോമേനിയ, ക്രൊയേഷ്യ, ബോസ്നിയ എന്നിങ്ങനെ വിവിധ സ്വതന്ത്ര-ജനാധിപത്യരാജ്യങ്ങളായി യൂഗോസ്ലോവിയ പിരിഞ്ഞു.

ഇതോടൊപ്പം കംബോഡിയ, അൽബേനിയ, ബൾഗേറിയ, ബൊളീവിയ, ലാവോസ്, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിലെല്ലാം കമ്യൂണിസ്റ്റ് ഏകാധിപത്യഭരണം അസ്തമിക്കുകയും ജനാധിപത്യഭരണക്രമം നിലവിൽ വരുകയും ചെയ്തു. "ജനാധിപത്യസംവിധാനത്തെ ചവിട്ടിമെതിക്കുന്ന ഒരു ഭരണകൂടസംവിധാനത്തിനും ഏറെക്കാലം പിടിച്ചു നില്ക്കാനാവില്ലെന്ന്" 'അധ്വാനവർഗസിദ്ധാന്ത'ത്തിലെ നിരീക്ഷണം ശരിവയ്ക്കുന്ന ചരിത്രയാഥാർത്ഥ്യങ്ങളാണിവ.

### ചൈന

ലോകമെമ്പാടും കമ്യൂണിസത്തിനെതിരെ ആഞ്ഞുവീശിയ കൊടുങ്കാറ്റിൽ കടപുഴകാതെ പിടിച്ചുനിന്ന ഏകരാജ്യം ചൈനയാണെന്നു പറയാം. സോവിയറ്റ് റഷ്യയിലും ഇതര കമ്യൂണിസ്റ്റ് രാജ്യങ്ങളിലും സംഭവിച്ചതുപോലെയുള്ള സമൂല പരിവർത്തനം ചൈനയിലുണ്ടായില്ല. ഡെംഗ്സിയാവോ പെംഗിന്റെ, 'പൂച്ച കറുത്തതായാലും വെളുത്തതായാലും എലിയെ പിടിച്ചാൽ മതി' എന്ന തത്വശാസ്ത്രത്തിലധിഷ്ഠിതമായ സമീപനം അഞ്ചുപതിറ്റാണ്ടു നീണ്ടുനിന്ന ചൈനയിലെ മാർക്സിസ്റ്റ് സംവിധാനത്തെ കീഴ്മേൽ മറിച്ചു.

1949 ഒക്ടോബർ ഒന്നാം തീയതിയാണ് പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് ചൈന സ്ഥാപിതമായത്. മാവോ-സെ-തുങ്ങ് പാർട്ടിയുടെ ശക്തനായ നേതാവും ചൗ-എൻ-ലായ് പ്രധാനമന്ത്രിയുമായി അധികാരമേറ്റു. മാർക്സിസത്തിന്റെ യൂറോപ്യൻ മുഖത്തിന് ഏഷ്യയുടെ തനിമ നല്കി ചൈനയിൽ അവതരിപ്പിച്ച മാവോയുടെ കമ്യൂണിസ്റ്റു സങ്കല്പങ്ങൾ അശാസ്ത്രീയവും അപ്രായോഗികവുമാണെന്ന് തെളിയിക്കപ്പെട്ടു. ചൈനീസ് പീപ്പിൾ റിപ്പബ്ലിക്ക് സ്ഥാപിതമായതിനുശേഷം സാമ്പത്തികമുന്നേറ്റം ലക്ഷ്യമാക്കി നടത്തിയ കുതിച്ചുചാട്ടങ്ങളെല്ലാം പരാജയപ്പെട്ടു. തന്മൂലം ഉണ്ടായ പ്രതീക്ഷാഭംഗത്തിന്റെയും അസ്വസ്ഥതയുടെയും ഫലമായി പൊട്ടിപ്പുറപ്പെട്ട 'സാംസ്കാരിക വിപ്ലവം' ഉന്നം തെറ്റി. റെക്കാർഡുകളുടെ അതിരുകടന്ന നശീകരണ പ്രവർത്തനങ്ങളുടെ ഫലമായി ചൈനയുടെ സമ്പദ്വ്യവസ്ഥ താറുമാറായി. സ്ഫോടനാത്മകമായ ഈ സ്ഥിതി വിശേഷത്തിൽ നിന്ന് ചൈനയെ സമുദ്ധരിക്കാൻ 1973ൽ ഡെംഗ് സിയാവോ പെംഗിന്റെ നേതൃത്വത്തിൽ ശ്രമം ആരംഭിച്ചു. സാമ്പത്തിക വികസനം കൈവരുത്തുന്നതിന് കമ്യൂണിസ്റ്റു പാതയിൽ നിന്ന് ഒരു പരിധിവരെ വ്യതിചലിക്കുവാൻ അവർ നിർബന്ധിതരായി.

ചൈന സോഷ്യലിസ്റ്റു വ്യവസ്ഥയിൽ നിന്നും സാവധാനം ചുവടുമാറ്റിത്തുടങ്ങി. കമ്യൂണിസ്റ്റ് ചൈനയിൽ ഉടനീളം സ്ഥാപിക്കപ്പെട്ടിരുന്ന കമ്യൂണുകളെ ഡെംഗ് ഗവൺമെണ്ട് പിരിച്ചുവിട്ടു. കൂട്ടുകൃഷിയോടൊപ്പം സ്വന്തമായി കൃഷിചെയ്യുന്നതിന് കൃഷിക്കാർക്ക് ഒരു പരിധിവരെ സ്വാതന്ത്ര്യം നല്കുന്ന വ്യവസ്ഥിതിയും സംജാതമായി. തങ്ങൾ ഉത്പാദിപ്പിക്കുന്ന വിഭവങ്ങളിൽ ഒരു പങ്ക് ഓപ്പൺ മാർക്കറ്റിൽ വിറ്റ് വരുമാനമുണ്ടാക്കുവാൻ അവരെ ഗവൺമെണ്ട് അനുവദിച്ചു. പരിമിതമായ തോതിൽ സ്വകാര്യസ്വത്തും സ്വകാര്യസമ്പാദ്യവും അനുവദിച്ചു. വിദേശമൂലധനവും സാങ്കേതികവിദ്യകളും ക്ഷണിച്ചുവരുത്തി. സ്വകാര്യവ്യവസായ സംരംഭകർക്കും സ്വകാരമേഖലയ്ക്കും പ്രോത്സാഹനം നല്കി. മാർക്സിയൻ സാമ്പത്തിക സിദ്ധാന്തത്തിൽ നിന്നുള്ള വ്യക്തമായ വ്യതിയാനമാണ് കമ്യൂണിസ്റ്റുചൈനയിൽ നടന്ന ഈ മാറ്റങ്ങൾ വെളിവാക്കുന്നത്. അതോടെ മാർക്സിസത്തിന്റെയും മാവോയിസത്തിന്റെയും ആത്മാവായ പൊതുമേഖലയ്ക്കു സമാന്തരമായി സ്വകാര്യമേഖല ചൈനീസ് അതിർത്തിക്കുള്ളിൽ വേരൂന്നി.

ലോക കമ്യൂണിസ്റ്റു രാജ്യങ്ങളിൽ ഉടനീളം നടന്ന ജനാധിപത്യവത്ക്കരണ പ്രക്രിയയുടെയും ഗ്ലാസ്നോസ്റ്റിന്റെയും സ്വാധീനം കമ്യൂണിസ്റ്റു ചൈനയിലും ചലനങ്ങൾ സൃഷ്ടിച്ചു. സാമ്പത്തിക രംഗത്തു നടപ്പിലാക്കിയ പരിഷ്ക്കരണത്തോടൊപ്പം രാഷ്ട്രീയരംഗത്തും മാറ്റങ്ങൾ ഉണ്ടാവണമെന്ന ആവശ്യത്തിന് ആക്കം വർദ്ധിച്ചു. ചൈനീസ് കമ്യൂണിസ്റ്റു നേതാവ് ഡെംഗ് സിയാവോ പെംഗിന്റെ ആദ്യകാല സുഹൃത്തും പാർട്ടി സെക്രട്ടറിയും സാമ്പത്തികനയമാറ്റങ്ങളുടെ പിന്നിലെ മുഖ്യപ്രേരണാശക്തിയുമായിരുന്ന ഹൂയാവോ ബാങ്ങിന്റെ നേതൃത്വത്തിൽ രാഷ്ട്രീയരംഗത്തും നവീകരണത്തിനു വേണ്ടിയുള്ള നീക്കങ്ങൾ ആരംഭിച്ചു. ഭരണനേതൃത്വം അടിമുടി അഴിച്ചുപണിയുന്നതിനും അഴിമതി ദൂരീകരിക്കുന്നതിനും ജനാധിപത്യാവകാശങ്ങൾ അനുവദിക്കുന്നതിനും വേണ്ടി അദ്ദേഹമെടുത്ത കർക്കശമായ നിലപാട് രാഷ്ട്രീയ നേതൃത്വത്തിന്റെയും സൈനികമേധാവികളുടെയും അപ്രീതിക്കു കാരണമായി. തത്ഫലമായി അദ്ദേഹം പാർട്ടിയുടെ സെക്രട്ടറിസ്ഥാനത്തു നിന്നും നീക്കം ചെയ്യപ്പെട്ടു. ഷാവോ സിയാങ്ങിനെ സെക്രട്ടറി പദവിയിൽ അവരോധിച്ചു.

അധികാരത്തിൽ നിന്ന് നിഷ്കാസനം ചെയ്യപ്പെടുകയും അപമാനിതനാവുകയും ചെയ്ത ഹൂയാവോ ബാങ്ങിന്റെ മരണത്തെത്തുടർന്ന് അദ്ദേഹത്തിന്റെ രാഷ്ട്രീയാഭിപ്രായങ്ങൾ പുനരധിവസിപ്പിക്കുവാനും ശാശ്വതീകരിക്കുവാനും രാഷ്ട്രീയരംഗത്ത് പരിഷ്ക്കാരങ്ങൾ കൊണ്ടുവരാനും വേണ്ടി ചൈനയിലെ വിദ്യാർത്ഥികൾ പ്രക്ഷോഭം ആരംഭിച്ചു. 'ടിയാനെൻമെൻ സ്ക്വയർ' അവർക്കു സമരവേദിയായി. പ്രക്ഷോഭം ശക്തിയാർജിക്കുകയും നീണ്ടുപോകുകയും ചെയ്ത സാഹചര്യത്തിൽ അതിനെ സൈനിക ശക്തികൊണ്ട് അടിച്ചമർത്താൻ ഡെംഗ് ഗവൺമെണ്ട് തീരുമാനിച്ചു. പാർട്ടി സെക്രട്ടറി ഷാവോസിയാങ് വിദ്യർത്ഥികളോട് അയവുള്ള സമീപനം സ്വീകരിക്കുകയും രഞ്ജിപ്പുണ്ടാക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തെങ്കിലും ഡെംഗും കൂട്ടരും ഗൗനിച്ചില്ല. എന്നു മാത്രമല്ല, അതിന്റെ പേരിൽ അദ്ദേഹം പോളിറ്റ് ബ്യൂറോയിൽ നിന്നും സെക്രട്ടറി സ്ഥാനത്തുനിന്നും പുറത്താക്കപ്പെടുകയും ചെയ്തു.

വിദ്യാർത്ഥി പ്രക്ഷോഭം ഒരു മുന്നേറ്റമായി വളർന്നു വരുന്നതും ശക്തിയാർജിക്കുന്നതും ഭരണകർത്താക്കളെ ഭയവിഹ്വലരാക്കി. എന്തുവിലകൊടുത്തും അതിനെ നേരിടാനുള്ള നീക്കത്തിൽ വിദ്യാർത്ഥി സമരത്തെ അടിച്ചമർത്താൻ പട്ടാളനിയമം പ്രഖ്യാപിക്കുകയും മിലിട്ടറിയെ വിളിക്കുകയും ചെയ്തു. 1989 ജൂൺ 4ന് അവർ നിരപരാധികളായ ആയിരക്കണക്കിന് വിദ്യാർത്ഥികളെ വെടിവച്ചുകൊന്നു. ടിയാനെൻമെൻ സ്ക്വയർ ശവപ്പറമ്പായി മാറി.

ബീജിംഗ് നഗരത്തിൽ രക്തം തളംകെട്ടി. ഇതുപോലൊരു മനുഷ്യക്കുരുതി ലോകചരിത്രത്തിൽ കേട്ടുകേൾവിയിലില്ല. ലോകമനസ്സാക്ഷിയെ ഞെട്ടിച്ച ഈ പൈശാചിക നടപടിയെ സോവിയറ്റു റഷ്യ ഉൾപ്പെടെ മിക്ക കമ്യൂണിസ്റ്റു രാജ്യങ്ങളും അപലപിച്ചു.

ടിയാനെൻമെൻ സ്ക്വയർ പ്രക്ഷോഭം നിഷ്കരുണം അടിച്ചമർത്തിയെങ്കിലും ഭരണപരമായ ചില നയവ്യതിയാനങ്ങൾക്ക് അതു കാരണമായി. അതോടൊപ്പം സാമ്പത്തികരംഗത്ത് സമൂലമായ അഴിച്ചുപണിയും നടത്തി. ജനങ്ങൾ നേരിടുന്ന സാമ്പത്തികപ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കേണ്ടത് ഭരണകർത്താക്കളുടെ നിലനില്പിന് ആവശ്യമാണെന്ന ബോധ്യം അവർക്കുതന്നെ വന്നുചേർന്നു. സാമൂഹ്യവത്കൃത വ്യവസ്ഥിതി നിലനിർത്തിക്കൊണ്ടുതന്നെ തിരഞ്ഞെടുക്കപ്പെട്ട ചില രംഗങ്ങൾ സ്വകാര്യമേഖലയ്ക്കും ചൈന തുറന്നുകൊടുത്തു.

വിദേശനിക്ഷേപങ്ങൾക്ക് എല്ലാ പ്രോത്സാഹനങ്ങളും നല്കി. അവരുടെ മുടക്കു മുതലും അവർ ഉണ്ടാക്കുന്ന ലാഭവും ഏതു രാജ്യത്തേക്കും തിരിച്ചുകൊണ്ടു പോകുവാനുള്ള സ്വാതന്ത്ര്യവും ലഭ്യമാക്കി. വിദേശനിക്ഷേപകർക്ക് വ്യവസായ ആവശ്യത്തിനായി സൗജന്യ സ്ഥലവും നികുതി ഇളവുകളും വായ്പാസൗജന്യങ്ങളും

അനുവദിക്കപ്പെട്ടു. തത്ഫലമായി വിദേശനിക്ഷേപങ്ങൾ ചൈനയുടെ സ്വകാര്യമേഖലയിലേക്ക് ഒഴുകി. അടിസ്ഥാന സൗകര്യവികസനം ത്വരിതഗതിയിലായി. തുടർന്ന് വ്യവസായ-തൊഴിൽസംരംഭങ്ങൾ വിപുലമായ തോതിൽ ഉടലെടുത്തു. പൊതുമേഖലയും സ്വകാര്യമേഖലയും രാജ്യത്തിനകത്ത് ഒരുപോലെ പ്രവർത്തിക്കുന്ന പുതിയ സമ്പദ്‌വ്യവസ്ഥയിലേക്ക് ചൈന കടന്നുവന്നിരിക്കുന്നു എന്നു പറയാം.

'ദാസ് ക്യാപിറ്റലും' 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയും' വ്യവസ്ഥ ചെയ്യുന്നതിൽ നിന്നു വ്യത്യസ്തമായ ഒരു സാമ്പത്തിക ക്രമത്തെപ്പറ്റി സങ്കല്പിക്കുവാൻ കഴിയാതിരുന്ന ചൈനയ്ക്ക് 'ഗാട്ടുകരാറും' 'ലോകവ്യാപാരസംഘടന'യും വിഭാവനം ചെയ്യുന്ന 'ആഗോളവത്ക്കരണ- ഉദാരവത്ക്കരണ- സ്വകാര്യവത്ക്കരണ' വ്യവസ്ഥിതി അംഗീകരിക്കേണ്ടതായി വന്നു. ഇതോടുകൂടി ചൈനയുടെ ഉത്പാദന- സേവനരംഗങ്ങൾ വിദേശ സ്വകാര്യമേഖലയ്ക്കു വേണ്ടി തുറന്നുകൊടുത്തിരിക്കുകയാണ്. സ്വകാര്യ സ്വത്ത് നിഷിദ്ധമായും അതിന്റെ സാമൂഹ്യവത്ക്കരണം ലക്ഷ്യമായും പ്രഖ്യാപിച്ചിട്ടുള്ള മാർക്സിസത്തിന്റെ പ്രസക്തി ഇതോടൊപ്പം നഷ്ടമായിരിക്കുന്നു. മാത്രമല്ല, 16-ാം പാർട്ടികോൺഗ്രസിൽ ചൈനീസ് ഭരണത്തലവനും പാർട്ടി ജനറൽ സെക്രട്ടറിയുമായ ജിയാങ്സെമിൻ 2002 നവംബർ 8-ാം തീയതി ചെയ്ത നയപ്രഖ്യാപനങ്ങളും പാർട്ടികോൺഗ്രസ് അംഗീകരിച്ച പ്രമേയങ്ങളും സ്വകാര്യസ്വത്തിനും സ്വകാര്യ സംരംഭകർക്കും നല്കപ്പെട്ട അംഗീകാരമാണ്.

### കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അപചയ കാരണങ്ങൾ

കമ്യൂണിസ്റ്റു പാർട്ടി 1917ൽ റഷ്യയിൽ ഭരണത്തിൽ വന്നതോടെയാണ് പല രാജ്യങ്ങളും ആ വഴിക്ക് എത്തിച്ചേർന്നത്. മിക്ക കമ്യൂണിസ്റ്റ് രാജ്യങ്ങളും സോവിയറ്റ് യൂണിയന്റെ ഉപഗ്രഹരാജ്യങ്ങളായിരുന്നു. അതുകൊണ്ടാണ് റഷ്യയിലെ കമ്യൂണിസ്റ്റു ഭരണകൂടം തകർന്നതോടെ ഇതരരാജ്യങ്ങളിലെ സോഷ്യലിസ്റ്റു ഭരണവും തകർന്നത്.

റഷ്യ അടക്കമുള്ള കമ്യൂണിസ്റ്റു രാജ്യങ്ങളിൽ സോഷ്യലിസ്റ്റു ഭരണകൂടം സ്ഥാപിക്കുന്നതിലും നിലനിർത്തുന്നതിലും ഉണ്ടായ മനുഷ്യനാശവും സാമ്പത്തികനഷ്ടവും ഭീമമായിരുന്നു.

ജർമനിയിലെയും ഇറ്റലിയിലെയും ഫാസിസ്റ്റു ഭരണകൂടം സ്ഥാപിക്കുന്നതിനുവേണ്ടി വ്യയം ചെയ്തതിന്റെ തുല്യമായിരുന്നു അത്. മാത്രമല്ല, ഫാസിസ്റ്റ് സ്വഭാവം ഇരുകൂട്ടരുടെയും ഭരണത്തിനുണ്ടായിരുന്നുതാനും.

അധികാരം ക്രമേണ ജനങ്ങളിൽ വന്നെത്തും എന്ന മാർക്സിസ്റ്റു തത്വം കമ്യൂണിസ്റ്റ് ഭരണം നിലവിൽ വന്ന ഒരു രാജ്യത്തും നടപ്പിലാക്കിയില്ല. അധികാരം ഭരണം നിയന്ത്രിക്കുന്ന ഒരു ന്യൂനപക്ഷത്തിന്റെ കയ്യിൽ എത്തിച്ചേരുകയാണു ചെയ്തത്. അത് പല കമ്യൂണിസ്റ്റു രാജ്യങ്ങളിലും രണ്ടുതരം പൗരന്മാരെ സൃഷ്ടിച്ചു. സോവിയറ്റ് യൂണിയൻതന്നെ ഇതിനൊരുദാഹരണമാണ്. സോവിയറ്റ് യൂണിയനിൽ മുതലാളി- തൊഴിലാളി വർഗങ്ങളുടെ സ്ഥാനത്ത് പാർട്ടികാർഡുള്ളവരെന്നും പാർട്ടികാർഡില്ലാത്തവരെന്നുമുള്ള രണ്ടുവർഗം രൂപം കൊണ്ടു. പാർട്ടികാർഡുള്ളവർക്ക് എല്ലാമേഖലയിലും മുന്തിയ പരിഗണന ലഭിച്ചു. പാർട്ടികാർഡില്ലാത്തവർ എല്ലായിടത്തും അവഗണിക്കപ്പെട്ടു. സാധാരണ തൊഴിലാളികൾ ഡിപ്പാർട്ടുമെണ്ട് സ്റ്റോറിനുമുമ്പിൽ നീണ്ട ക്യൂവിൽ നിന്ന് സാധനങ്ങൾ വാങ്ങിയപ്പോൾ പാർട്ടികാർഡുള്ളവർക്ക് ക്യൂവിൽ നില്ക്കാതെ തന്നെ അവ ലഭ്യമായിരുന്നു. മറ്റുള്ളവർക്ക് ലഭിക്കാത്ത ആഡംബരവസ്തുക്കൾപോലും പാർട്ടികാർഡുള്ളവർക്ക് ലഭിച്ചുപോന്നു. ഇങ്ങനെ വർഗരഹിതസമൂഹം വിഭാവനം ചെയ്ത കമ്യൂണിസം സമൂഹത്തിൽ പുതിയ രണ്ടുവർഗങ്ങളെ സൃഷ്ടിച്ചു.

സോഷ്യലിസ്റ്റ് ഭരണകൂടം സ്ഥാപിച്ച് ദശാബ്ദങ്ങൾ പലതുകഴിഞ്ഞിട്ടും തൊഴിലാളി വർഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെട്ടിരുന്നില്ല. മാത്രമല്ല, പലവിധ നിയന്ത്രണങ്ങൾക്കും അവർ വിധേയരായിരുന്നു. ഉപഭോഗ വസ്തുക്കൾ യഥേഷ്ടം തിരഞ്ഞെടുക്കുവാനോ ഉത്പാദനത്തിലെ മിച്ചമൂല്യം അനുഭവിക്കാനോ അവർക്കു കഴിഞ്ഞിരുന്നില്ല. സ്വാതന്ത്ര്യം എന്നത് രാഷ്ട്രീയ താത്പര്യം മാത്രമായി സോഷ്യലിസ്റ്റു ഭരണം പരിമിതപ്പെടുത്തി.

റഷ്യയിലെ 'ഷഡനോവിസം' പോലെ സോഷ്യലിസ്റ്റു രാജ്യങ്ങളിൽ നിലനിന്നിരുന്ന സാംസ്കാരിക നയങ്ങൾ കുപ്രസിദ്ധങ്ങളായിരുന്നു. വിമർശനത്തെ അല്പം പോലും ഇഷ്ടപ്പെടാത്ത സങ്കുചിതവും വികലവുമായ നയമാണ് സോഷ്യലിസ്റ്റു ഭരണകൂടങ്ങൾ സ്വീകരിച്ചുപോന്നത്.

പ്രത്യയശാസ്ത്രത്തിലെ പാളിച്ചകളുടെ ഫലമായി യഥാർത്ഥശത്രുക്കൾ ആരെന്നു കണ്ടുപിടിക്കുന്നതിൽ മാർക്സിസം ദയനീയമായി പരാജയപ്പെട്ടു. ശത്രുവർഗത്തെ ഉന്മൂലനം ചെയ്യാനുള്ള വ്യഗ്രതയിൽ മാർക്സിസ്റ്റ് ഭരണം കൂടുതൽ കൊന്നൊടുക്കിയത് ശത്രുക്കളെയായിരുന്നില്ല, സ്വന്തം ജനങ്ങളെത്തന്നെയായിരുന്നു. ഇപ്രകാരം ഉത്പാദന സാമഗ്രികളുടെ ഉടമകളായ അധ്വാനവർഗം പല സോഷ്യലിസ്റ്റു രാജ്യങ്ങളിലും ക്രൂരമായി കൊലചെയ്യപ്പെട്ടു. ഇങ്ങനെ സൈദ്ധാന്തികമായ വൈരുദ്ധ്യങ്ങളും അവ പ്രാവർത്തികമാക്കിയതിൽ വന്നുചേർന്ന പാളിച്ചകളുമാണ് ലോകകമ്യൂണിസത്തിന്റെ തകർച്ചയ്ക്കു കാരണമായിത്തീർന്നത്.

കിരാതമായ രാജവാഴ്ച അവസാനിപ്പിക്കുന്നതിനും ഫ്യൂഡൽ വ്യവസ്ഥിതിയിൽ തൊഴിലാളിവർഗത്തിനെതിരെ നിലനിന്നിരുന്ന ചൂഷണങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും തൊഴിലാളിവർഗത്തിന് സംഘടനാബോധം പകർന്നുകൊടുക്കുന്നതിനും കൂട്ടായ വിലപേശലിനു ശക്തി പകരുന്നതിനും സാർവ്വദേശീയ കമ്യൂണിസം പല രൂപങ്ങളിൽ പ്രയോജനപ്പെട്ടിട്ടുണ്ട് എന്ന കാര്യം വിസ്മരിക്കാവുന്നതല്ല. പക്ഷേ തൊഴിലാളികളുടെ ഉന്നമനത്തിനും സമൂഹത്തിന്റെ സമഗ്രപുരോഗതിക്കും സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിനും കമ്യൂണിസ്റ്റു സിദ്ധാന്തങ്ങൾ ഉപകരിക്കുകയുണ്ടായില്ല എന്ന സത്യമാണ് കമ്യൂണിസ്റ്റു ഭരണകൂടങ്ങളുടെ പതനവും രാഷ്ട്രീയവ്യതിയാനങ്ങളും വ്യക്തമാക്കുന്നത്.

### ഉപസംഹാരം

ക്യാപിറ്റലിസ്റ്റ്-കമ്യൂണിസ്റ്റ് രാജ്യങ്ങളുടെ ചരിത്രം

## The Meenachil East Urban co-operative Bank Ltd. No. 4266

Regd. Office: Poonjar Thekkekara P.O- 686582 Kottayam (Dst). Kerala
Phone : 04822-272353, 272508 fax 91-04822-272183 E-mail: mecbpoonjar@bsnl.in
Website:www.meenachileastucbank.com

മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്ക്　　ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക്....

**Branches**

| | | |
|---|---|---|
| Poonjar Thekkekara | - | 04822 272506 |
| Koottickal | - | 04828 284146 |
| Aruvithura | - | 04822 272351 |
| Chennadu | - | 04822 279384 |
| Mundakayam | - | 04822 272576 |
| Kalathukadavu | - | 04822 272030 |
| Pinnackanadu | - | 04828 235418 |
| Parathodu | - | 04828 271893 |
| Yendayar | - | 04828 286221 |
| Kanjirappally | - | 04828 203266 |
| Erumely | - | 04828 210446 |
| Erattupetta M&E | - | 04822 273269 |
| Mundakayam M&E | - | 04828 273032 |
| Melukavumattom | - | 04822 219267 |
| Moonnilavu | - | 04822 286394 |
| Peringulam | - | 04822 271344 |
| Mukkoottuthara | - | 04828 254750 |
| Teekoy | - | 04822 280156 |

**നിക്ഷേപങ്ങൾ 257 കോടി**
**വായ്പകൾ 172 കോടി**
**ലാഭം 1.25 കോടി**

- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശയും ഇൻഷ്വറൻസ് പരിരക്ഷയും
- കൃത്യമായ തിരിച്ചടവിന് 1% റിബേറ്റ്
- മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 18 ബ്രാഞ്ചുകൾ
- സീനിയർ സിറ്റിസൺസിന് 0.5% കൂടുതൽ പലിശ

**കെ.എഫ്.കുര്യൻ**
കളപ്പുരയ്ക്കൽപറമ്പിൽ
ചെയർമാൻ

**സണ്ണി സെബാസ്റ്റ്യൻ**
വടശ്ശേരിൽ
ജനറൽമാനേജർ -ഇൻ-ചാർജ്



## തൊടുപുഴ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം

നമ്പർ 4388, തൊടുപുഴ

| | | | |
|---|---|---|---|
| ഹെഡ്ഓഫീസ് | : | തൊടുപുഴ | ☎ 04862 222574 |
| ബ്രാഞ്ചാഫീസ് | : | വാഴത്തോപ്പ് | ☎ 04862 235263 |

**തൊടുപുഴ താലൂക്കിൽ**
**കാർഷിക - കാർഷികേതര, വ്യാവസായ**
**ബിസിനസ് വായ്പകൾ നല്കുന്നു.**

**മേരിക്കുട്ടി.റ്റി.റ്റി**
സെക്രട്ടറി
0485 2261545 (Res), 9495559714 (Mob)

**പ്രൊഫ. കെ. ഐ.ആന്റണി**
പ്രസിഡന്റ്
0485 222019 (Res), 9447918248 (Mob)

വിശകലനം ചെയ്യുമ്പോൾ ക്യാപിറ്റലിസ്റ്റ് വ്യവസ്ഥിതിക്കും കമ്യൂണിസ്റ്റു വ്യവസ്ഥിതിക്കും ഉണ്ടായിട്ടുള്ള പരിണാമങ്ങൾ ശ്രദ്ധേയമാണ്. ക്യാപിറ്റലിസ്റ്റു ചൂഷണത്തിനെതിരെ അണിനിരന്ന കമ്യൂണിസ്റ്റ് രാജ്യങ്ങളുടെ ശക്തമായ മുന്നേറ്റത്തെ പ്രതിരോധിക്കുന്നതിന് മാനുഷികമുഖം സ്വീകരിക്കുവാൻ നിർബന്ധിതമായ ക്യാപ്പിറ്റലിസ്റ്റ് രാജ്യങ്ങളുടെ നിലപാടിൽ വന്ന മാറ്റം ഒരു വശത്ത്.

സാമ്പത്തിക വികസന രംഗത്ത് മുതലാളിത്ത രാജ്യങ്ങൾ കൈവരുത്തിയിട്ടുള്ള മുന്നേറ്റത്തോട് കിടപിടിക്കുവാനുള്ള ലക്ഷ്യത്തോടു കൂടി, ജിയാങ് സെവിൻ 16-ാം പാർട്ടി കോൺഗ്രസിൽ അവതരിപ്പിച്ച 'മൂന്നു പ്രമാണങ്ങൾ' കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ വന്നു ചേർന്നിട്ടുള്ള അടിസ്ഥാനപരമായ മാറ്റത്തിന്റെ ഏറ്റവും പ്രകടവും അവസാനത്തേതുമായ ഉദാഹരണമാണ്. "ഉത്പാദനമേഖലയിൽ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളുക", "പാശ്ചാത്യസംസ്കാരത്തിന്റെ നന്മകൾ സ്വാംശീകരിക്കുക", "തൊഴിലാളി-കർഷകവർഗങ്ങളെ മാത്രമല്ല മറ്റെല്ലാ ജനവിഭാഗങ്ങളെയും പാർട്ടിയിൽ ഉൾക്കൊള്ളുക" എന്നിവയാണ് സെവിന്റെ മൂന്നു പ്രമാണങ്ങൾ.

സ്വകാര്യസ്വത്ത് നിഷിദ്ധമാണ് എന്നു കരുതപ്പെട്ടിരുന്ന കമ്യൂണിസ്റ്റു ചൈനയിൽ സ്വകാര്യസ്വത്തിനും സ്വകാര്യസംരംഭങ്ങൾക്കും നല്കപ്പെട്ടിട്ടുള്ള അംഗീകാരവും സ്വകാര്യസ്വത്തുടമകൾക്കും സ്വകാര്യസംരംഭകർക്കും പാർട്ടി അംഗത്വം നല്കുന്നതിനുള്ള 16-ാം പാർട്ടി കോൺഗ്രസ് എടുത്ത തീരുമാനവും എല്ലാം, ക്യാപ്പിറ്റലിസത്തിന്റെ നല്ല വശങ്ങൾ സ്വാംശീകരിക്കുവാനായിട്ടുള്ള കമ്യൂണിസ്റ്റു ചൈനയുടെ ദൃഢനിശ്ചയമാണു വെളിപ്പെടുത്തുന്നത്.

കമ്യൂണിസത്തിന്റെയും ക്യാപിറ്റലിസത്തിന്റെയും ദൂഷ്യവശങ്ങൾ ഒഴിവാക്കിക്കൊണ്ട് സമസ്ത ജനവിഭാഗങ്ങൾക്കും ഉന്നമനം ഉറപ്പുവരുത്തുന്ന ജനകീയ സോഷ്യലിസ്റ്റു വ്യവസ്ഥിതി നടപ്പിലാക്കണമെന്ന് ആഹ്വാനം ചെയ്യുന്ന 'അധ്വാനവർഗസിദ്ധാന്ത'ത്തിന്റെ പ്രസക്തി കൂടുതൽ കൂടുതൽ വെളിപ്പെടുത്തുന്നവയാണ് കമ്യൂണിസ്റ്റു രാജ്യങ്ങളിൽ സംഭവിച്ചിരിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക പരിവർത്തനങ്ങൾ എന്നു ഞാൻ കരുതുന്നു.

ലോക ചരിത്രത്തിന്റെ ഗതിതന്നെ മാറ്റി കുറിക്കുന്ന കമ്യൂണിസ്റ്റു രാജ്യങ്ങളിലെ പരിവർത്തനങ്ങളുടെ തുടർച്ചയായി ആഗോളവത്ക്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയും സ്വകാര്യവത്ക്കരണത്തിന്റെയും വിപുലമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ കമ്യൂണിസ്റ്റു ചൈന പോലും അവരുടെ സിദ്ധാന്തപരമായ പിടിവാശികൾ ഉപേക്ഷിച്ചതായി നമ്മൾ കണ്ടു. ഇന്ത്യയിലെ എന്നല്ല ലോകത്തിലെ തന്നെ ഒരു കമ്യൂണിസ്റ്റു പ്രസ്ഥാനത്തിനും ഈ മാറ്റങ്ങൾ അവഗണിച്ചു സ്വതന്ത്രമായി നില്ക്കാനാവില്ല.

കാലഘട്ടത്തിനനുസരിച്ച് നയങ്ങൾ പുതുക്കുന്നതിനും ആധുനികവത്ക്കരണത്തിലൂടെയും നവീകരണത്തിലൂടെയും വികസനം ത്വരിതപ്പെടുത്തുന്നതിനും ഏതൊരു രാജ്യവും ജനതയും പ്രസ്ഥാനവും തയ്യാറാകണം. ■

PALAKUDIYIL TRAVELS

വിവാഹ
വിനോദയാത്രകൾക്ക്
ആധുനിക രീതിയിലുള്ള
ടൂറിസ്റ്റ്ബസ്സുകൾക്ക്

**പാലക്കുടിയിൽ**
**ട്രാവൽസ്**

ആവന്തി ബിൽഡിംഗ്
പാലാ
ഫോൺ: 04822324616 (O)
9447456266 (M), 225550 (R)



മറ്റത്തിൽ പ്രീത ജൂവലറി
ജൂവൽ ജംഗ്ഷൻ
പാലാ
Phone: 04822 216589
BIS LICENCED SHOWROOM